
സത്യം അഹിംസ

# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 42 | ലക്കം 3 | 2015 ജൂലൈ 10



# നിലപാടുതറ

***1997 ഡിസംബർ 15*** **ഡി. പങ്കജാക്ഷക്കുറുപ്പ്**

*2008-ൽ ഈ ലേഖനം പുനഃപ്രസിദ്ധീകരിച്ചപ്പോൾ കുര്യൻചേട്ടൻ കോട്ടയത്തുനിന്നും വിളിച്ചിരുന്നു. ഡോക്ടറേ ഞാനിത് 1000 കോപ്പി യെടുത്ത് വിതരണം ചെയ്യാൻ പോകുകയാണ്. എത്ര ഗംഭീരമായ ആശയങ്ങളാണ് ഈ ലേഖനത്തിൽ. ശരിയാണോ? നമുക്കതൊന്ന് പരിശോധിച്ചുനോക്കാം.*

മാനവചരിത്രത്തിന്റെ അറിയപ്പെടുന്ന കാലം മുതൽ ഇന്നുവരെ പലരും മറ്റുള്ളവരെ തന്റെ വഴിക്കുകൊണ്ടു വരുവാൻ ശ്രമിച്ചിട്ടുള്ള തായി നമുക്കറിയാം. ഒത്തിരിവഴികളുണ്ടായി. അതിലേതെങ്കിലും ഒരു വഴിയിലാണ് നാം ഓരോരുത്തരും പിറന്നു വീണിട്ടുള്ളത്. മനുഷ്യ വർഗ്ഗത്തിനിടയിൽ ഒരു കുഞ്ഞിന് സ്വതന്ത്രമായി പിറന്നുവീഴാൻ ഒരു ശൂന്യസ്ഥലം ഇനി ഇല്ല. പ്രസവം മുഴുവൻ വഴിയിലാണ്. ആർക്കും വഴിതേടേണ്ടി വരുന്നില്ല. വഴിയേ സഞ്ചരിച്ചാൽ മാത്രം മതി. സ്വന്തം പാദങ്ങളെ സ്വയം ചലിപ്പിക്കണമെന്നുമില്ല. ഒഴുക്കിൽ നീങ്ങിക്കൊള്ളും. ശ്രീധരൻ ജൻമനാ ഹിന്ദുമാർഗ്ഗത്തിൽ ഒഴുകും. റഷീദ് ഇസ്ലാം മാർഗ്ഗത്തിൽ, ജോസഫ് ക്രിസ്തുമാർഗ്ഗത്തിൽ, അങ്ങനെ ആദിവാസി കളുൾപ്പെടെ എല്ലാ മനുഷ്യർക്കും ചരിത്രം ഓരോ വഴി ഒരുക്കി യിട്ടാണ് ജൻമം നൽകുന്നത്. പിറവി മുതലേ ഒഴുകുകയാണ്.

ബോധപൂർവ്വമായ ഗതിയല്ലാത്തതു കൊണ്ട് വൃഥാവട്ടം കറങ്ങുകയല്ലാതെ മുന്നോട്ടാരും നീങ്ങുന്നില്ലെന്നുമാത്രം.

ജൻമസിദ്ധവാസനകൾക്കനുസരിച്ചുള്ള ഗതിയെ അല്ല ഇവിടെ സൂചിപ്പിക്കുന്നത്. കുട്ടി പിറന്നു വളരുന്ന ഗൃഹാന്തരീക്ഷത്തിലേയും സാമൂഹ്യ അന്തരീക്ഷത്തിലേയും വിശ്വാസം, ആചാരം, ഈ രണ്ട് ചരിത്ര നിർമ്മിത ഗതികളെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. വ്യക്തിക്ക് ജൻമസിദ്ധമായുള്ള ഭയം, ഭക്ഷണാർത്ഥി, വിനോദത്വര ഇതൊക്കെ പൂച്ചക്കുഞ്ഞിലും കാണാം. എന്നാൽ പൂച്ചക്കുഞ്ഞിൽ തള്ളപ്പൂച്ച പ്രത്യേക വിശ്വാസവും ആചാരക്രമവും വച്ചു കെട്ടുന്നില്ല. മനുഷ്യൻമാത്രമാണത് ചെയ്യുന്നത്. ഞാൻ മുസ്ലീമായത് എന്റെ യുക്തി ചിന്തകൊണ്ടോ, പഠനം കൊണ്ടോ, ആരുടെ എങ്കിലും പ്രേരണ കൊണ്ടോ അല്ല. എന്റെ ഉമ്മ മുസ്ലീമായതു കൊണ്ട് ഞാനും മുസ്ലീമായി. ഞാൻ ഇടത്തോട്ടോ വലത്തോട്ടോ ഉടുത്തുശീലിച്ചതിൽ എനിക്കൊരു പങ്കുമില്ല. എന്റെ ഭാഷ മലയാളമായത് ഞാൻ വിവിധ ഭാഷകളിൽ നിന്ന് മലയാളം തിരഞ്ഞെടുത്തതുകൊണ്ടല്ല. ഞാൻ വളർന്ന വീട്ടിലും നാട്ടിലും പ്രചാരത്തിലിരുന്ന ഭാഷ എന്റേതുമായി.

എനിക്കു വേണമെങ്കിൽ മറ്റു ഭാഷകൾ പഠിക്കാം. മറ്റൊരു ഭാഷ എന്റെ സംസാര ഭാഷയാക്കാം. അതുപോലെ മറ്റു മതങ്ങൾ പഠിക്കാം. മതം മാറുകയും ചെയ്യാം. എന്നാൽ ജൻമനാ എന്നെ ചരിത്രം അതിന്റെ കൂട്ടിൽ ഇട്ടുവളർത്തിക്കൊണ്ടിരിക്കുന്നതു കൊണ്ട്, അതിനു പുറത്തു ചാടാൻ എന്നിൽ സവിശേഷമായ സ്വാതന്ത്ര്യം നേടി എടുക്കേണ്ടിവരും. സാധാരണക്കാരായ നമ്മളെല്ലാം ജയിലിൽ ജനിച്ച് ജയിലിൽ വളർന്ന് ജയിലിൽ തന്നെ മരിക്കുകയാണ്. ജയിലിലാണ് താൻ എന്നതിരിച്ചറിവു പോലും ഉണ്ടാവാനിടയാകാത്ത വണ്ണം ചരിത്രം അത് സാധിച്ചെടുത്തു കഴിഞ്ഞു.

ഇനി എന്താ ചെയ്യുക ? ഞാൻ ഈഴവനല്ലാ, മനുഷ്യനാണ് എന്നു ഞാൻ പറഞ്ഞാൽ മറ്റുള്ളവർ അതു സമ്മതിച്ച് എന്നോടു പെരുമാറില്ല. നാരായണ ഗുരു ഞാൻ ഹിന്ദുവും ഈഴവനുമൊന്നുമല്ല മനുഷ്യനാണ് എന്ന് പ്രഖ്യാപിച്ചിട്ടും ഇന്നും ലോകം

ഗുരുവിനെ ഈഴവനായി കരുതുന്നുവെന്നു തന്നെയല്ല, ഈഴവർ പോലും അതിനു പരിപോകാൻ ഗുരുവിനെ അനുവദിക്കുന്നുമില്ല. ഗാന്ധിജി ഇന്നും ബനിയ ജാതിയിൽപെട്ട ഒരു സവർണ്ണനാണ്-പലരുടേയും ദൃഷ്ടിയിൽ. നമ്മുടെ വർഗ്ഗത്തെ ചരിത്രം ഇത്തരത്തിൽ ഭീകരമായ-രക്ഷപ്പെടാനാവാത്ത-ഒരു കെണിയിൽ വീഴ്ത്തിക്കളഞ്ഞു. എന്താണ് രക്ഷാമാർഗ്ഗം ?.

നമ്മളെല്ലാവരും മഹാ പ്രകൃതിയുടെ ഭാഗമാണ് എന്നൊരു സത്യമുണ്ട്. ഹിന്ദുവിനും മുസ്ലീമിനും വേറേവേറെ വായുവില്ല. ജനനമരണങ്ങൾ ഒരു പോലെ. ഉറക്കത്തിൽ നാമൊന്ന്. വിശ്വാസത്തിലും ആചാരത്തിലും വീക്ഷണത്തിലും എത്ര അകലമുണ്ടായിരുന്നാലും ജീവിതത്തിൽ എല്ലാവരും പരസ്പരാശ്രയത്തിലാണ്. പുലയരുടെ മുറ്റത്തെ വാഴപ്പഴം ബ്രാഹ്മണനും തിന്നാം. എന്നല്ല, അങ്ങനെയേ കഴിയാൻ പറ്റൂ. പ്രകൃതി നമ്മെ പരസ്പരാശ്രിതരാക്കിയിരിക്കുന്നു. ഇതു പൊട്ടിക്കാൻ ഒരു വിശ്വാസത്തിനും പറ്റില്ലല്ലോ. ഇവിടെ വ്യക്തമാക്കാൻ ശ്രമിക്കുന്ന വസ്തുത ചരിത്രം നമ്മെ വേർതിരിച്ചുവെങ്കിലും ജീവിതം നമുക്കൊന്നാണ് എന്നാണ്. ഇന്നും എന്നും അതങ്ങിനെ തന്നെ. ഒരേ ഭൂമിയിൽ നാം ഒന്നിച്ചു ജീവിക്കുന്നു. എന്നതല്ലേ വസ്തുത? എന്തേ നാം ഇങ്ങനെ അകലാൻ കാരണം? ഓരോരുത്തരും ഈ ചോദ്യത്തിനുത്തരം തേടേണ്ടതാണ്.

ഒരാശയം രൂപപ്പെടുമ്പോൾ അതിന് ഒരു വ്യക്തിത്വം വരും അതിസൂക്ഷ്മമായ ജീവനിൽ നിന്നാണ് പ്രകടമായ ജഡം ഉണ്ടായി നമുക്ക് കാണാൻ തക്കവണ്ണം പ്രത്യക്ഷീഭവിക്കുന്നത്. ജീവൻ ഒന്നു തന്നെ ജഡം വേറെ വേറെ. ഇത് സൃഷ്ടിയുടെ കലയാണ്. ഒന്നിന് പല രൂപം നൽകി രസിക്കുക. ഒന്ന് ഒന്നായിത്തന്നെ ഇരുന്നാൽ പരസ്പരാനന്ദം അനുഭവിക്കാനാവില്ല. പലതായി രൂപപ്പെട്ടിട്ട് അന്യോന്യം ചേർന്നാലേ വികാരമുണ്ടാവൂ. ഈ ലീലയ്ക്കായിരിക്കാം ഇക്കണ്ടവൈവിധ്യമത്രയും. അറിഞ്ഞുകൂടാ. ഊഹമാണിപ്പറയുന്നത്. അനുഭവമല്ല. ഏതായാലും ജീവന് രൂപമുണ്ടായിക്കഴിയുന്നതോടെ ഞാൻ എന്ന ഭാവവും ഉണ്ടാകും. ഞാൻ എന്നഭാവം ഉണ്ടാകുമ്പോൾ മറ്റുള്ളവർ എന്നതോന്നൽ വരും. ഞാനും മറ്റുള്ളവരും എന്ന ധാരണ ഉറയ്ക്കുമ്പോൾ താരതമ്യ ചിന്തവരും.

ആരാണ് മെച്ചം? അത് ഞാൻ തന്നെ. ഭൂമിയിൽ മറ്റെല്ലാ ജീവ രാശികളെക്കാളും ശ്രേഷ്ഠൻ മനുഷ്യനാണ്. മനുഷ്യരിൽ ഏറ്റവും ശ്രേഷ്ഠൻ ഞാനാണ്; എന്റെ നാടാണ്; എന്റെ ഭാഷയാണ്; എന്റെ മതമാണ് എന്നിങ്ങനെ ഞാൻ എന്നഭാവം ദൃഢമാകുന്നതോടു കൂടി മുഴകൾ കൂടിക്കൂടിവരാൻ തുടങ്ങും. നമ്മളെല്ലാം അടിമുടി മുഴകൾ ഉള്ളവരാണ്. ഈ മുഴകളാണ് പരസ്പരം അടുത്ത്, സന്തോഷമായി ജീവിക്കുവാനുള്ള തടസ്സം എന്നുതോന്നുന്നു. യഹൂദരോളം ശ്രേഷ്ഠർ ഭൂമിയിലാരുമില്ലെന്നവർ കരുതുന്നു. അതുകൊണ്ട് മറ്റാരോടും ചേരാൻ അവർക്കുകഴിയുന്നില്ല. മറ്റാരും തന്റെ ഒപ്പം വരരുത്. എല്ലാവരും പിന്നിലും താൻ മുന്നിലുമാവണം എന്ന ഈ പ്രാകൃത ഭാവത്തിൽ നിന്നാണ് അലാക്സാണ്ടർ ചക്രവർത്തി ഉണ്ടായി വന്നത്. ഓരോരുത്തരും അവരവരുടെ ലോകത്തിൽ അലക്സാണ്ടരാണ്. യുദ്ധം ചെയ്ത് ക്ഷീണിച്ച് വൃഥാ അകാലമരണം അടയാം. അനേകരെ വേദനിപ്പിക്കാം. കൊല്ലാം, ഇതുതന്നെ നാം ഇന്നും ചെയ്തു കൊണ്ടിരി ക്കുന്നത്. പ്രാകൃത അഹംഭാവമാണിതിനു കാരണമെന്ന് അനു മാനിക്കാം.

ഈ മാനസിക ബന്ധനത്തിൽ നിന്നുള്ള മോചനമാണ് സ്വാതന്ത്ര്യം. അതിനുള്ള ശ്രമമാണ് പൗരുഷം. ഈ പൗരുഷം പ്രകടമാക്കാ നുള്ള അവസരം സൃഷ്ടിക്കുവാനാണ് ഈ പ്രകൃതം തന്നിരിക്കുന്നത്. പ്രകൃതം പ്രകൃതമായി തുടരാനുള്ളതല്ല. പ്രകൃതി യിൽ നിന്ന് സംസ്കൃതിയിലേക്ക് കയറുന്നതിനു വേണ്ടിയാണ്, സ്വഭാവം ഇങ്ങനെ താഴ്ത്തിവച്ചിരിക്കുന്നത്. പ്രകൃതിയിൽ നിന്ന് കീഴോട്ടു പോകാം - അതാണ് വികൃതി - ഇതാണ് എളുപ്പം. ഈ എളുപ്പവഴി യിലാണ് നാം ഇന്നുള്ളത്. ഈ അധോഗതിയിൽ നിന്ന് ഉൽഗതി പ്രാപിക്കുവാൻ ഒന്നിച്ചുള്ള ശ്രമമാണ് വേണ്ടത്. ആ ശ്രമത്തിന്റെ ഭാഗമാണ് സംവാദം. എടോ നാം ഒന്നിച്ചപകട ത്തിലേയ്ക്കാണ്. നമുക്കൊന്നിച്ചേ രക്ഷപ്പെടാനാവൂ. കൈകോർത്ത് തോൾ ചേരു. തോൾചേരും. തിരിഞ്ഞ് മുന്നോട്ടടി വയ്ക്കൂ . എന്ന് അപരനോട് പറയേണ്ടിവരും. താൻ തന്റെ കാര്യം നോക്ക്. ഞാൻ എന്റെ കാര്യം നോക്കിക്കൊള്ളാം എന്നു മറുപടി പറഞ്ഞു പോകുന്നത് അവരുടെ കുറ്റമല്ല. മാനസിക വൈകൃതമാണ്.

ദൗർബല്യമാണ്. സാവധാനമേ അത് തിരുത്താ നൊക്കൂ. അഹംഭാവം വർദ്ധിക്കുന്നതിനനുസരിച്ച് പരസ്പരലയത്തിന് തടസ്സം വർദ്ധിച്ചുവരും. നമുക്ക് പൂർണ്ണലയമല്ല; പരസ്പരപൂരക മായാൽ മതി. ഭൗതിക രൂപം ഉള്ളകാലത്തോളം അതുമതി. അതേപറ്റൂ. ഒരുമെയ്യ് ആകേണ്ട. ഇരുമെയ്യുകൾ അനുകൂലമായി വരുന്നതിലെ ആനന്ദമാണ് ജീവിതത്തെ ധന്യമാക്കുന്നത്.

വീട്ടിൽ തുടങ്ങണം. വീട്ടിനുള്ളിൽ അംഗങ്ങൾ അന്യോന്യം ബോധപൂർവ്വം അനുനിമിഷം അനന്യഭാവം നിലനിറുത്താൻ ശ്രമിക്കണം. അയൽക്കാരിലേയ്ക്കും പരസ്പരം അതുപടരണം. ഭൂമിക്കാർ എന്നബോധവും വികാരവും ഓരോരുത്തരിലും തളിർത്ത് പൂത്തു വിരിഞ്ഞുവരണം. പൂക്കുന്നതെല്ലാം കരിയുന്ന കാലാവസ്ഥയാ ണിന്നുള്ളത് എന്നു സമ്മതിക്കുന്നു. അതുകൊണ്ട് പൂക്കാതിരിക്കരുത്. അന്യോന്യഭാവം ഭൂമിയിലാകെ നിറയുന്നതിന് ഓരോ മനസ്സും ഉറവിടമാകണം. എന്റെ മനസ്സിൽ നിന്ന് ഒരുറവ ജനിക്കട്ടെ. അതെനിക്കാകാമല്ലോ. അപരനേയും പ്രേരിപ്പിക്കാം. ഇതാണ് മനുഷ്യജീവിതം. ഒന്നിച്ച് ഒരടിമുന്നോട്ടുവയ്ക്കുവാൻ കഴിഞ്ഞാൽ അത്രയും നന്ന്.

ഒന്നിച്ചു മുന്നേറുന്നതിൽ വിവിധ വഴികളിലൂടെയുള്ള യാത്ര തടസ്സമാകില്ലേ ? ആകും. എന്താണ് പോംവഴി ? വഴി അടയ്ക്കാതി രിക്കൂ. യാത്ര തുടരട്ടെ. വിശ്വാസവും ആചാരവും പലതായിരിക്കു മ്പോൾത്തന്നെ ജീവനിൽ ഒന്നുതന്നെ; ജീവിതത്തിലും ഒന്നുതന്നെ എന്ന വിചാരം ഉറപ്പിച്ചു കൊണ്ടുവന്നാൽമതി. അതിനുള്ള ലളിത മായ നേർവഴിയാണ് അയൽക്കൂട്ടം.

പരസ്പരം അടുത്ത് ജീവിക്കാൻ തയ്യാറായാൽ മാത്രം മതി. മക്കൾ ഒന്നിച്ചു മുട്ടിയാൽ ഭൂമിചുരത്തിത്തരും. ഇവിടെ എല്ലാം വേണ്ടതി ലെത്രയോ അധികമുണ്ട്. ഒന്നിച്ചെടുത്ത് പങ്കിട്ടുകഴിച്ച് സാനന്ദം ആടിപ്പാടി ഭൂമിയിലാകെ വിഹരിക്കാം. ആയിരം വിശ്വാസങ്ങളും ആയിരമായിരം ആചാരങ്ങളും ഭാഷകളും നില നിന്നുകൊള്ളട്ടെ. ജീവിതം - അത് ഒന്നിച്ചാണ്. അന്യോന്യമാണ്. നിന്റെ വിശ്വാസം എന്തായിരുന്നാലും നീ എന്റേതും ഞാൻ നിന്റേതുമാണ്.

# ചാലക്കുടിപ്പുഴയുടെ നൃത്തനൃത്യങ്ങൾ

പ്രിയമുള്ളവരെ, കണ്ടിട്ടൊരുപാടുനാളായി. ഏപ്രിൽ ആദ്യം ഇറങ്ങിയ സേതു ബന്ധനത്തിന് ശേഷം ഇപ്പോഴാണ് കാണുന്നത്. വനയാത്രയുടെ ജോലികളാലും, പിന്നീട് അതിന് അക്ഷരവടിവ് കൊടുക്കാനുമായി മടിയനൊരുപാട് നേരം വേണ്ടി വന്നു. ഈ വർഷത്തെ പരസ്പരാന്ദ യാത്ര അതിരപ്പള്ളി - വാഴച്ചാലിലേയ്ക്കായിരുന്നു.

മെയ് 23-ലെ പ്രഭാതം ശ്രീനാഥ് സാറിന്റെ ശ്രീ ശങ്കരാ ട്രാവത്സ് 5.30ന് എത്തി. ഉണ്ണികൃഷണനാണ് സാരഥി, രാമചന്ദ്രൻ സഹായിയും. കഞ്ഞിപ്പാടത്തു നിന്നും മോഹനൻ, പ്രഭാതഭക്ഷണമായ ഇഡ്ഡലിയും, അനുസാരികളും എത്തിച്ചു. വണ്ടിയിൽ ഗ്യാസും, സ്റ്റൗവും ഉൾപ്പെടെ സാധനങ്ങളെല്ലാം കയറ്റി 6.10ന് പരസ്പരാനന്ദ യാത്രാ വാഹനം പുറപ്പെട്ടു. വണ്ടിയിലിതാ കൂവളത്തിന്റെ കിളിന്നിലകൾ വിതരണം ചെയ്യുന്നു. പ്രകൃതിദത്തമായ ഒരു വാക്സിനേഷൻ, മൾട്ടി വൈറ്റമിൻ ഇലയായ കൂവളത്തിലയിൽ മാത്രമാണ് ഇൻസുലിൻ അടങ്ങിയിട്ടുള്ളത്. അതിനാൽ പ്രമേഹത്തിനും ഉത്തമം. തുടക്കത്തിൽ 15 പേരാണ് വണ്ടിയിൽ ഉണ്ടായിരുന്നതെങ്കിലും വഴിയോരങ്ങളിൽ നിന്നും പങ്കെടുക്കുന്നവരെ കയറ്റി ആലപ്പുഴ - ചേർത്തല - എറണാകുളം - അങ്കമാലി വഴി വണ്ടി കൊരട്ടിയിലെത്തിയപ്പോൾ അംഗസംഖ്യ 56. അവിടെ ചിറങ്ങര ദേവീക്ഷേത്ര സന്നിധിയിൽ എത്തി. പരമേശ്വരൻ നമ്പൂതിരി ഞങ്ങളെ കാത്തു നിന്നിരുന്നു. ക്ഷേത്രത്തിൽ തൊഴുത് ഊട്ടുപുരയിലിരുന്ന് പ്രഭാതഭക്ഷണം കഴിച്ച് യാത്ര തുടർന്നു. ചാലക്കുടി - ആനമല ജംഗ്ഷനിൽ നിന്നും മലക്കപ്പാറ റൂട്ടിലേയ്ക്ക് തിരിഞ്ഞ് യാത്ര തുടർന്നു. 30 കിലോ മീറ്റർ കൂടി ഓടിയാൽ അതിരപ്പള്ളി വെള്ളച്ചാട്ടത്തിൽ എത്താം. ജീവിതത്തിലെ ദൈനംദിന കാര്യങ്ങളിൽ നിന്ന് നമുക്ക് ഒന്ന് വിട്ട്മാറി സ്വതന്ത്രമാകാം. മൂന്നൂറ്റി അറുപത്തിയഞ്ച് ദിവസവും വീട്ടുകാര്യങ്ങൾ തന്നെയല്ലേ ആവർത്തിക്കുന്നത്. ഒരു മാറ്റം നമുക്ക് ആരോഗ്യകരമാണ്. ചുമ്മാ എല്ലാം ഒന്നു കണ്ടുപഠിക്കാം. നോക്കൂ ഈ വാഹനത്തിലുള്ള കുട്ടികൾ സഹോദരീ സഹോദരൻമാർ എല്ലാം നമ്മുടെ ബന്ധുക്കളാണ്. ഈ പ്രപഞ്ചത്തിലുള്ളവരും

അങ്ങനെതന്നെ. നമ്മുടെ മനസ്സിന്റെ ആഴങ്ങളിൽ നിദ്രയിലാണ്ടു കിടക്കുന്ന സ്നേഹഭാവങ്ങളെ ഉണർത്തി വളർത്തി വീട്ടിലും നാട്ടിലും പ്രസരിപ്പിക്കുവാൻ വേണ്ടിയാണീ യാത്ര. പ്രിയമുള്ളവരേ, സന്തോഷമായിരുന്ന് കാഴ്ചകൾ കാണുക. ഒന്നിനെക്കുറിച്ചും ചിന്തിച്ച് ഉത്കണ്ഠാകുലരാകേണ്ടതില്ല. ഉത്കണ്ഠ ദുരന്തങ്ങളല്ലാതെ ഒന്നും നമുക്ക് നേടിത്തരുകയില്ല. ചിന്തകൾ നന്മകൾകൊണ്ട് നിറയട്ടെ. വെട്ടം ഉള്ളിടത്ത് ഇരുട്ടിന് സ്ഥാനമില്ല. കുറുപ്പുസാറിന്റെ ദർശനം മാർഗദീപമായി ഉണ്ടല്ലോ.

വണ്ടി ഇതാ അതിരപ്പള്ളി എത്തി. ഇവിടെ നിന്ന് തന്നെ ചാലക്കുടി പുഴയുടെ ഗംഭീരമായ ചാട്ടം കാണാം. 30 രൂപ ടിക്കറ്റെടുത്ത് കരിങ്കല്ലു പാകിയ വഴിയിലൂടെ വാനരപ്പടയുടെ അകമ്പടിയോടെ നദീതീരത്തെത്തി. ആകാശത്തു നിന്നും ഭൂമിയിലേയ്ക്കാവശ്യമായ പാലും കൊണ്ട് ഒഴുകി വരുന്ന പാലരുവി പോലെ കുത്തനെ താഴോട്ട് പതിച്ച് ജല കണികകളായി അന്തരീക്ഷമാകെ വ്യാപിച്ച് കുളിരണിയിക്കുന്ന ഈ ചാലക്കുടി പുഴയുടെ മനോഹര നൃത്തം കൺകുളിർക്കെ കണ്ടു കൊൾക.

പ്രകൃതിയുടെ ഈ മനോഹരദൃശ്യങ്ങൾ നാം പ്രകൃതിയുടെ തന്നെ ഭാഗമാണെന്ന യാഥാർത്ഥ്യബോധമുണർത്തുന്നു. ഈ വിശ്വപ്രകൃതിയുമായി പരസ്പരാനന്ദത്തിൽ അൽപ്പസമയം ലയിച്ചു കൊണ്ടിരിക്കുക. ഈ ഭൂമിയുമായും, ഇവിടെയുള്ള ജീവജാലങ്ങളുമായുള്ള പുഴയുടെ പാരസ്പര്യം പോലെ ഹേ മനുഷ്യാ! നീ ഈ പ്രകൃതിയുമായി താളലയത്തോടെ ഉല്ലാസത്തോടെ ജീവിക്കുക എന്നല്ലേ പുഴ ഈ ചാട്ടത്തിലൂടെ നമുക്ക് കാട്ടിത്തരുന്നത്. ഇനി പുഴയിലോട്ടൊന്ന് ചാടണ്ടെ ഇവിടെ വേണ്ട അൽപ്പം കിഴക്കോട്ട് നടന്നോളൂ. വളരെ സൂക്ഷിച്ച് പാറയിൽ പിടിച്ച് ഇറങ്ങാം. ശക്തമായ ഒഴുക്കാണ്, ദേഹത്തിലൂടെ വളരെ ശക്തിയായി വെള്ളം തഴുകി ഒഴുകി പോകുവാൻ അനുവദിച്ച് കിടക്കാം. വെള്ളത്തിന്റെ ഈ തിരുമ്മലിലൂടെ പല രോഗങ്ങളും അപ്രത്യക്ഷമാകും. ശരീര മനസ്സുകൾ ശുദ്ധമാകും. പ്രകൃതിയുടെ ഈ വരദാനത്തെ ദേശകാലങ്ങളെല്ലാം മറന്ന് ആസ്വദിച്ചു കൊള്ളുക. സ്വയം മറന്ന് എല്ലാം വരും നീന്തി തുടിക്കുകയാണ്. അനന്തിരവൻ കണ്ണൻ ഇടയ്ക്ക് ക്യാമറയുമായി വെള്ളത്തിൽ നിന്നും പൊങ്ങി വരുന്നത് കണ്ടു. അയ്യോ കുഞ്ഞേ ക്യാമറ വെള്ളത്തിൽ പോയോ എന്ന് ചോദിച്ചപ്പോൾ മാമാ

വെള്ളത്തിനടിയിലും പടം എടുക്കുന്ന ക്യാമറയാണെന്ന് പറഞ്ഞു. കുളിയും, പടം പിടിക്കലും കഴിഞ്ഞ് വണ്ടിയിൽ കയറി 5 കി.മി. കൂടി ഓടി വാഴച്ചാലിൽ വനം വകുപ്പിന്റെ ഡോർമെറ്ററിയിൽ എത്തിച്ചേർന്നു. പരിസ്ഥിതി പ്രവർത്തകയായ ഇന്ദിര ഞങ്ങൾക്കുള്ള ഉച്ചഭക്ഷണം ഏർപ്പാട് ചെയ്തിരുന്നു. എല്ലാവരും സുഖമായി ഭക്ഷണം കഴിച്ച് വീണ്ടും വണ്ടിയിൽ കയറി പെരിങ്ങൽകുത്ത് ഡാം കാണാനായി യാത്ര തിരിച്ചു.

പെരിങ്ങൽക്കുത്ത് ഡാം കാണാനായി ദർശനം ഒരു അപേക്ഷ അയച്ചിരുന്നു. എന്നാൽ അനുമതി കിട്ടിയത് പെരിങ്ങൽകുത്ത് പവർസ്റ്റേഷൻ കാണുവാനാണ്. അതായിരുന്നു കാണേണ്ടിയിരുന്നതെന്ന് ഉദ്യോഗസ്ഥർക്ക് അറിയാമായിരുന്നിരിക്കണം. ഇത് തിരിച്ചറിയാതെ പെരിങ്ങൽകുത്ത് ഡാം എന്നാൽ ഏതാണ്ട് മലമ്പുഴ ഡാം പോലെ ആയിരിക്കും എന്ന തെറ്റിദ്ധാരണയിലാണ് സംഘത്തെ ഞാൻ അങ്ങോട്ട് കൊണ്ടുപോയത്. അത് വല്ലാത്തൊരു കൂത്തായിപ്പോയി. വറ്റിവരണ്ട നദി, ചുറ്റും വനപ്രദേശം, നദീതടത്തിൽ കരിങ്കൽ പാറകൾ. ഞങ്ങൾ അവിടെയിരുന്നു. ശാന്തമായ അന്തരീക്ഷം, വലുതായി ഒന്നും കാണാനില്ലെങ്കിലും ഈ അന്തരീക്ഷം കേൾക്കാനായി ഞങ്ങൾ ഉപയോഗിച്ചു.

മഹാത്മജിയുടെ സന്ദേശം പൂർണ്ണോദയ ബുക്സ് വഴിയും, ക്ലാസ്സുകൾ എടുത്തും കേരളമാകെ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ശ്രീ. പരമേശ്വരശർമ്മ മഹാത്മജിയുടെ ദർശനത്തെക്കുറിച്ച് പറഞ്ഞു തുടങ്ങി. നാം വികസനപ്രവർത്തനങ്ങൾ നടത്തുമ്പോൾ നാട്ടിലുള്ള ദരിദ്രരായ മനുഷ്യരെ ഓർക്കുക. അത് അവർക്ക് പ്രയോജനപ്പെടുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര കഷ്ടപ്പെട്ടും നടപ്പിലാക്കുക. ഇല്ലെങ്കിൽ നാടിനിത് ആപത്താണ്. ഈ പ്രകൃതി ഇവിടെയുള്ള എല്ലാ ജീവജാലങ്ങൾക്കും വേണ്ട ജലവും, ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. സുഖവും, സന്തോഷവുമായി പങ്കിട്ടുപയോഗിക്കാം. മനുഷ്യനൊഴികെ മറ്റു ജീവജാലങ്ങൾ പ്രകൃതിയിൽ നിന്നും എടുക്കുകയും അവരുടെ പങ്ക് തിരിച്ച് കൊടുത്ത് പ്രകൃതിയുമായി താളാത്മകമായി കഴിയുകയും ചെയ്യുന്നു. മനുഷ്യന് വേണ്ടതെല്ലാം ഇവിടെ ഉണ്ടെങ്കിലും അവന്റെ ആർത്തിക്ക് ഈ ലോകം മുഴുവൻ കിട്ടിയാലും തികയില്ല. അതിനായുള്ള മത്സരത്തിൽ ഭൂമിയിലെ ഭൂരിപക്ഷം സമ്പത്തും ഒരുപിടി ആളുകളുടെ കയ്യിൽ അകപ്പെട്ടു. കൂടുതൽ

പേരും ദരിദ്രരായി. പ്രകൃതിയുടെ താളം മനുഷ്യൻ തെറ്റിച്ചു. പട്ടിണിയും, ദുരന്തങ്ങളും ലോകമാകെ പടർന്നുപിടിച്ചു. ഇതു കണ്ട് നിരാശയോടെയല്ല ബാപ്പു ജീവിച്ചത്. ഭൂമിയുടെ സന്തുലിതാവസ്ഥ വീണ്ടെടുക്കാനായി ലളിതജീവിതവും, ഖാദിയും, കൃഷിയും, മദ്യവർജ്ജനവും, അയിത്തോച്ചാടനവും, സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാക്കി. സ്വരാജി ലൂടെ തന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ആവിഷ്ക്കരിച്ചു. ഇന്നത്തെ അന്ധകാരത്തിൽ നിന്നും മോചനത്തിനായി ലോകം ഇത് ശ്രദ്ധയോടെ വീക്ഷിക്കുന്നു. ഇതിന്റെ കാലോചിതമായ ആവിഷ്ക്കാരമാണ് ദർശനത്തിലൂടെ പങ്കജാക്ഷക്കുറുപ്പ് സാർ അവതരിപ്പിക്കുന്നത്. സമൂഹത്തിലുള്ളതും, ഒഴിവാക്കേണ്ടത് എന്ന് മഹാത്മജി നിർദ്ദേശിച്ചതുമായ 7 തിന്മകൾ കൂടി വിശദീകരിച്ചിട്ട് ശർമ്മ തന്റെ പ്രസംഗം ഉപസംഹരിച്ചു.

1. തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം
2. മനസ്സാക്ഷിയില്ലാത്ത സുഖാസക്തി
3. അദ്ധ്വാനമില്ലാത്ത സമ്പാദ്യം
4. സ്വഭാവശുദ്ധിക്ക് ഉതകാത്ത വിദ്യാഭ്യാസം
5. ത്യാഗമില്ലാത്ത പ്രാർത്ഥന
6. മനുഷ്യത്വമില്ലാത്ത ശാസ്ത്രം
7. സദാചാരമില്ലാത്ത വ്യാപാരം

പ്രഭാഷണമൊക്കെ കേട്ടല്ലോ? കഴിയുന്നതൊക്കെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കണം. നമുക്കിനി താമസസ്ഥലത്തേക്ക് മടങ്ങാം. ഒരു രണ്ടു നിലകെട്ടിടമാണ് ഡോർമെറ്ററി, ചുറ്റും തണൽ വൃക്ഷങ്ങൾ, പരിസരം ശുചിയായി സൂക്ഷിച്ചിരിക്കുന്നു. ഇവിടെ പണിയെടുക്കുന്നവർ കാടർ എന്ന ആദിവാസി വിഭാഗക്കാരാണ്. വനംവകുപ്പ് ടൂറിസവുമായി ബന്ധപ്പെട്ടുള്ള ജോലികളിൽ പരമാവധി ഇവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊട്ടടുത്ത് തന്നെ നല്ലൊരു മ്യൂസിയവും പ്രവർത്തിക്കുന്നു. താഴത്തെ നിലയിൽ അടുക്കളയും, ഊണുമുറിയും, പുരുഷന്മാർക്കും, സ്ത്രീകൾക്കും വെവ്വേറെ താമസസൗകര്യവുമുണ്ട്. മുകളിലത്തെ നിലയിലാണ് കോൺഫറൻസ് ഹാൾ. അവിടെ നിന്നാൽ പുഴയും കാണാം. എല്ലാവരും പുഴക്കടവിലേയ്ക്ക് നടന്നു, ശക്തമായ ഒഴുക്കാണ്. അപകട സൂചനാ ബോർഡുകൾ അങ്ങിങ്ങ് സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കായി ഒരു

സുരക്ഷിത സ്ഥലം കണ്ടെത്തി സംവരണം ചെയ്തു കൊടുത്തു. മറ്റു ജലപ്രവാഹങ്ങളിലേയ്ക്ക് പുരുഷന്മാരും ചാടി. ആരു നിയന്ത്രിക്കാനാണ്? വനദേവതയുടെ സംരക്ഷണയിൽ കുട്ടിക്കൊമ്പന്മാരും, പെരിയോരുമെല്ലാം കുളിച്ചു കൂത്താടി. സന്ധ്യയ്ക്ക് സെക്യൂരിറ്റിക്കാരുടെ നിർദ്ദേശം കിട്ടും വരെ തിത്തൈ തകതൈതോം !

കുളി കഴിഞ്ഞ് വന്ന് അടുക്കള ജോലി ആരംഭിച്ചു. തേങ്ങാ തിരുമ്മി, പപ്പരയ്ക്ക കൊത്തി അരിഞ്ഞു, ഗ്യാസ് അടുപ്പ് കത്തിച്ച് ഉണക്കലരി ഇട്ടു എല്ലാം ഒന്ന് ഒതുക്കി വെച്ചിട്ട് കോൺഫറൻസ് ഹാളിൽ ഒത്തുകൂടി. വനം വകുപ്പിലെ രത്നാകരൻ സാറും, സുഹൃത്ത് ജോമോനും ക്ലാസ്സെടുക്കാനായി എത്തിയിട്ടുണ്ട്. രത്നാകരൻ സാർ ചാലക്കുടിപ്പുഴയിലെ ജലവൈദ്യുത പദ്ധതികളെക്കുറിച്ച് സംസാരിച്ചു. പുഴ ആനമലയിൽ ഉത്ഭവിച്ച് ഷോളയാറിലും, പെരിങ്ങൽകുത്തിലും ജനറേറ്ററുകൾ പ്രവർത്തിപ്പിച്ച് വൈദ്യുതി തരുന്നു. അതിരപ്പള്ളിയിൽ ഒരു ജനറേറ്റർ കൂടി സ്ഥാപിക്കുവാൻ സർക്കാരിന് പരിപാടിയുണ്ട്. പരിസ്ഥിതി പ്രവർത്തകർ മനോഹരമായ ഈ വെള്ളച്ചാട്ടം ഇതോടെ അസ്തമിക്കും എന്ന കാരണത്താൽ എതിർത്തു കൊണ്ടിരിക്കുന്നു. നമുക്കും അവരോടൊപ്പം ചേരാം, വേണ്ടാ അതിർത്തി ലംഘിച്ചു കൊണ്ടുള്ള പ്രകൃതി ചൂഷണം. കുഞ്ഞിനു കൊടുക്കാതെ പശുവിനെ കറക്കരുത്.

ദർശനത്തിൽ ഉത്തരാഖണ്ഡ് എഴുതിക്കൊണ്ടിരിക്കുന്ന ഈ യാത്രയിലെ ഏറ്റവും മുതിർന്ന അംഗമായ ശ്രീ. ചന്ദ്രൻ പുറക്കാട് (78) അച്ഛന്റെ ജീവചരിത്രാംശത്തിലൂടെ ദർശനം ആശയങ്ങൾ വിശദീകരിച്ചു. തുടർന്ന് ആലപ്പുഴയിൽ സബ്ബ് ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന ശ്രീ. വിദ്യാധരൻ സാറിനെ ക്ലാസ്സെടുക്കാൻ ക്ഷണിച്ചു. മനുഷ്യനും, പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും, കാടും, കാട്ടരുവിയും ഇവിടെയുള്ള ജീവജാലങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും അതിനെല്ലാമായി പ്രകൃതി ഒരുക്കുന്ന ആവാസവ്യവസ്ഥയെക്കുറിച്ചുമെല്ലാം പുഴയുടെ ഈ ജലപ്രവാഹം പോലെ അനർഗ്ഗളമായി സാർ ക്ലാസ്സെടുത്തു, കൂടെ ഇമ്പമുള്ള ഗാനങ്ങളും. സഹ്യപർവ്വതത്തിന്റെ രക്ഷ, ഈ വനത്തിന്റെ രക്ഷ ഇതല്ലാതെ മനുഷ്യരാശിക്ക് വേറെ രക്ഷാമാർഗ്ഗമൊന്നുമില്ല. സാറിന്റെ ക്ലാസ്സ് കേട്ടവരാരും ഒരു വൃക്ഷത്തെയെങ്കിലും വെച്ചു പിടിപ്പിക്കാതെയിരിക്കുകയില്ല, പരിസ്ഥിതി മലിനപ്പെടുത്തുകയില്ല, ഗൃഹനിർമ്മാണം

പോലെ വളരെ അത്യാവശ്യമായി വന്നാലെ മരം മുറിക്കാവൂ. 10 കിണറിന് തുല്യമാണ് ഒരു കുളം, 10 കുളത്തിന് തുല്യമാണ് ഒരു ജലാശയം, 10 ജലാശയത്തിന് തുല്യമാണ് ഒരു പുത്രൻ, 10 സൽപ്പുത്രന് തുല്യമാണ് ഒരു വൃക്ഷം. നോക്കൂ നമ്മുടെ പൂർവ്വികർക്ക് വന സംരക്ഷണത്തെ കുറിച്ചുണ്ടായിരുന്ന അവബോധം. എല്ലാ ജീവ രാശികളുടേയും ക്ഷേമമാണ് പ്രകൃതി നിറവേറ്റുന്നത്. ജീവശൃഖല പരസ്പരം പൂരിപ്പിച്ച് കൊടുക്കൽ വാങ്ങൽ പ്രക്രിയയിലൂടെ കടന്നു പോകുന്നു. ഇതിനിടയിൽ കടന്നു വന്ന ഏറ്റവും ഇളയ കണ്ണിയായ മനുഷ്യൻ മാത്രമാണ് അമിതമായി പ്രകൃതി ചൂഷണം നടത്തി ജീവ രാശികളുടെ താളവും, അതുവഴി കാലാവസ്ഥാ രീതികളും തെറ്റിച്ചിരിക്കുന്നത്. ഇതിന്റെയൊക്കെ ഫലമായി ഭൂമിയുടെ താപവും, മനുഷ്യന്റെ താപവും, രോഗങ്ങളും കൂടി പെരുകി ഭൂമിയെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേയ്ക്ക് മടങ്ങുന്നു സാർ ബൈബിൾ വചനം വിശദീകരിച്ചു.

ഇതിങ്ങനെ കേട്ടുകൊണ്ടിരുന്നാൽ ആർക്കും മതിയാവില്ല. മനസ്സില്ലാ മനസ്സോടെ കഞ്ഞികുടിക്കുള്ള ബെല്ലടിച്ചു. വട്ടപ്പായിത്ര അമ്പലത്തിൽ നിന്നും പാത്രങ്ങളുടെ കൂട്ടത്തിൽ 60 പ്ലേറ്റുകളും തന്നിരുന്നു. കഞ്ഞികുടിക്കാൻ വേണ്ടത്ര സ്പൂണില്ല, തങ്കമണിച്ചേച്ചി പ്ലാവില എടുത്തോളൂ ഞാൻ കുത്തിത്തരാം എന്ന് പറഞ്ഞു. 120 പ്ലാവിലയെടുത്തു. എല്ലാവരും ചേർന്ന് കൂട്ടായി വെച്ച്വിളമ്പി കഴിച്ചപ്പോൾ പപ്പരയ്ക്കാ തോരനും, അച്ചാറും കൂടാതെ പാരസ്പര്യത്തിന്റെ രുചി കൂടി കിട്ടി. കണക്കു തിട്ടമില്ലാതിരുന്നതിനാൽ പത്ത്പതിനഞ്ച് പേർക്കുള്ള കഞ്ഞി മിച്ചം വന്നു. കളഞ്ഞില്ല രാവിലെ ആടിനെ വളർത്തുന്ന ഒരു വീട്ടുകാരെ തേടിപ്പിടിച്ച് കൊടുത്തു.

അത്താഴം കഴിഞ്ഞ് എല്ലാവരും ഹാളിലെത്തി കുടുംബസമേതം വേദിയിൽ വന്ന് പരിചയപ്പെട്ടു. ഒരു ഉള്ളടുപ്പം, സ്നേഹപ്രവാഹത്തിന് ഒരു അന്തരീക്ഷ സൃഷ്ടിയാണ് ദർശനം ഉദ്ദേശിക്കുന്നത്. സ്ഥലപരിമിതിയാൽ എല്ലാവരുടേയും പേരുകൾ ഇവിടെ വിവരിക്കാനാവില്ല. പാട്ടും പ്രസംഗവുമൊക്കെ നടക്കുകയാണ്, മണി 11. നല്ല ക്ഷീണം പലർക്കും ഉറക്കം വരുന്നു, രാത്രി ശിവാനന്ദൻ സാറിന്റേയും, ശിവശങ്കരൻ സാറിന്റേയും പ്രഭാഷണം അജണ്ടയിൽ ഉണ്ടായിരുന്നുവെങ്കിലും പകലത്തെ തിരക്കിട്ട പരിപാടികൾ കൊണ്ട് യോഗം സമാപിപ്പിച്ച് എല്ലാവരും ഉറങ്ങാനായി പോയി.

വെളുപ്പിന് 4 മണിയോടെ സതീഷ് ചന്ദ്രനും, അഷ്റഫും, സുധീറും, അമ്മമാരും ഉണർന്ന് അടുക്കളയിലെത്തി ജോലി തുടങ്ങി. ജാപ്പി തിളപ്പിച്ചു. ഉരുളിയെടുത്തു വെച്ച് ഉപ്പുമാവുണ്ടാക്കി. ഉച്ചക്കലത്തേക്ക് പയറും, കഞ്ഞിയും വെച്ച് അടച്ചു മാറ്റിവെച്ചു. ആറ്റിൽ പോയി കുളിച്ചു വന്ന് ഉപ്പുമാവും, പഴവും കഴിച്ചു. 8 മണിക്ക് തന്നെ വനയാത്ര തുടങ്ങി. ഉള്ളത് പറയാമല്ലോ രാവിലെ നടക്കേണ്ട മാനുഷിക ധ്യാനത്തിന് സമയം കിട്ടിയില്ല. കരടിപ്പാറയിലേയ്ക്കാണ് യാത്ര, 7 കിലോമീറ്ററുണ്ട്. 3 കിലോമീറ്റർ നടന്ന് ഷൂട്ടിംഗ് പോയിന്റിൽ എത്തി. സിനിമാ ചിത്രീകരണത്തിനായി പലരും വരുന്ന മനോഹരമായ നദീതടം, ഒന്നിച്ച് ചിത്രങ്ങളെടുത്തു. ഇനിയങ്ങോട്ട് ഗംഭീരവനമാണ്. മൃഗങ്ങളുടെ ആവാസസ്ഥാനം, കുരങ്ങുകളേയും, മലയണ്ണാനേയും ഇടയ്ക്കിടെ കാണാം. രത്നാകരൻ സാറിന്റെ വിശദീകരണങ്ങൾ കേട്ട് യാത്ര തുടർന്നു. ആദിവാസിയായ പങ്കജാക്ഷനാണ്, പങ്കജാക്ഷക്കുറുപ്പു സാറിന്റെ ഈ യാത്രാസംഘത്തിന്റെ വഴികാട്ടിയായി മുമ്പിൽ നടക്കുന്നത്. എല്ലാവരേയും ആദരവോടെ സമഭാവനയോടെ കാണണം. ഇടയ്ക്ക് സംഘം ഒന്ന് നിന്നു. പരിസരത്ത് ആനയുള്ളതായി ഗന്ധം കൊണ്ട് പങ്കജാക്ഷൻ അറിയിച്ചു. സാധാരണയായി ആന കാണാറുള്ള സമതലപ്രദേശമാണിവിടം. എന്നാൽ ഈ 56 അംഗ സംഘത്തെ സ്വാഗതം ചെയ്യാൻ അവരാരും വന്നില്ല. ഞങ്ങൾക്ക് നിരാശ തോന്നി. നാട്ടിൽ പ്രഭുക്കളായ ഞങ്ങളൊക്കെ ഇങ്ങോട്ട് സന്ദർശനത്തിന് വരുമ്പോൾ ആനകൾ കുളിച്ചൊരുങ്ങി മാനുകളുമായി (പുലിയും, കടുവയും വേണ്ട) വഴിയോരത്ത് വന്ന് കാത്തു നിൽക്കേണ്ടതല്ലേ. ഏതായാലും ദൈവാനുഗ്രഹത്താൽ കാടുകണ്ട് ഞങ്ങൾ യാത്ര തുടർന്നു. നമ്മൾ അറിയുന്നുവോ ഈ വനയാത്രയിലൂടെ എന്ത് ഊർജ്ജമാണ് ഇവിടെ നിന്നും സ്വീകരിക്കുന്നത്. കൊളസ്ട്രോൾ ഉൾപ്പെടെ എത്ര രോഗങ്ങളാണ് നമ്മിൽ നിന്നും അകന്നു പോകുന്നത്, ഇതിനൊക്കെയായി ഈ വനത്തിന് നൽകാൻ നമുക്ക് എന്താണുള്ളത്? ഒരു സഞ്ചി നിറയെ പഴമാങ്ങാ കരുതിയിരുന്നു, മാങ്ങാ ചീമ്പിക്കഴിച്ചിട്ട് മാങ്ങാണ്ടി വനത്തിൽ തന്നെ കുഴിച്ചിട്ടു. അത് വളർന്ന് നമ്മളും പ്രകൃതിയുമായുള്ള പാരസ്പര്യം നിലനിർത്തട്ടെ.

കുറേക്കൂടി നടന്ന് ആശ്രമാന്തരീക്ഷം തോന്നുന്ന ഒരു സ്ഥലത്ത് എത്തി വിശ്രമിച്ചു. തുടർന്നങ്ങോട്ട് പോകുന്നത് കുടും

ബസമേതമുള്ള ഈ സംഘത്തിന് സുരക്ഷിതമല്ലെന്ന് രത്നാകരൻ സാർ അറിയിച്ചു. ആ സമയത്ത് സുധീർ തന്റെ ബാഗ് തുറന്ന് അരിയുണ്ട എടുത്ത് വിതരണം നടത്തി. നല്ല രുചിയുള്ള അരിയുണ്ട ആസ്വദിച്ച് കഴിച്ചു. ഇങ്ങനെയാണെങ്കിൽ സുധീറിന് അടുത്ത യാത്രയ്ക്ക് സീറ്റ് ഉറപ്പ്. കുറച്ചു സമയം അവിടെ വെടിവട്ടം കൂടി. ഇവിടെ ജലപ്രവാഹങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല, എന്നാൽ പ്രൊഫസർ ശിവശങ്കരൻ സാർ, ശിവാനന്ദൻ സാർ എന്നിവരിൽ നിന്നും നിർഗ്ഗളിക്കുന്ന ജ്ഞാനഗംഗാ പ്രവാഹത്താൽ ഈ സംഘം ഇടയ്ക്കിടെ കുളിരണിഞ്ഞുകൊണ്ടേയിരുന്നു. എല്ലാവരും ഒന്ന് എണീറ്റു നിന്ന് പ്രാർത്ഥന നടത്തി മടക്കയാത്ര ആരംഭിച്ചു. റെയ്ഞ്ച് ഓഫീസർ ശ്രീദേവീ മാഡത്തിനെ കണ്ട് യാത്രാനുമതി ലഭിച്ചതിലുള്ള സന്തോഷവും, നന്ദിയും അറിയിച്ച് ദർശനവും കൊടുത്തു. ഡോർമെട്രിയിൽ തിരികെയെത്തി പുഴയിൽ ചാടി കുളികഴിഞ്ഞ് വന്ന് ഉച്ചഭക്ഷണം കഞ്ഞിയും, പയറും കഴിച്ചിട്ട് ബാഗുകളെല്ലാം ഒതുക്കി വെച്ച് സമാപനയോഗത്തിനായി ഒത്തുകൂടി.

പ്രിയമുള്ളവരെ പ്രകൃതിഭംഗി എല്ലാവരും നന്നായി ആസ്വദിച്ചുവല്ലോ. രണ്ടു ദിവസം മാത്രം നീണ്ടു നിൽക്കുന്ന കാഴ്ചകൾ കാണാനല്ല ദർശനം ഇവിടെയെത്തിയിരിക്കുന്നത്. ഈ പ്രകൃതി കണ്ട് നമ്മുടെ സംസ്കൃതി സ്വയം ഉയർത്തുക, എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറുക, മറ്റുള്ളവർ എങ്ങിനെയാണ് നമ്മളോട് പെരുമാറിയത് എന്ന് ചിന്തിച്ച് സ്നേഹത്തിന് വിലയിടാതെ സ്നേഹം ജലപ്രവാഹം പോലെ നിഷ്കളങ്കവും, നിരന്തരവും ആകട്ടെ. ജീവിതവീക്ഷണത്തിൽ മാറ്റമുണ്ടാകാതെ സന്തോഷവും, സമാധാനവും നേടാൻ നമുക്കാവില്ല. നമ്മുടെ പ്രശ്നങ്ങളുടെ പരിഹാരത്തിന് സ്വന്തം മനസ്സിലേയ്ക്ക് നോക്കി കുറവുകളും, തെറ്റുകളും കണ്ടറിഞ്ഞ് തിരുത്തുക, അതിജീവിക്കുക. സ്വയം തിരുത്തലാണ്, വിചാരവിപ്ലവമാണ് ദർശനം കാണുന്ന പുതിയലോകത്തിലേക്കുള്ള മാർഗ്ഗം. മറ്റുള്ളവരുടെ ദോഷങ്ങളെ കുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നാൽ ദുരിതത്തിൽ നിന്നും നാം മോചിതരാകുകയില്ല. മറ്റുള്ളവരിൽ മാറ്റം വരുത്തുവാനുള്ള എളുപ്പവഴിയാണ് സ്വയം മാറുക എന്നുള്ളത്. ഒരാൾ ഒരു ഇ.എൻ.റ്റി. ഡോക്ടറെ കണ്ട കഥയുണ്ട്. ഭാര്യയ്ക്ക് തീരെ ചെവികേൾക്കുന്നില്ല, എന്തെങ്കിലും ചോദിച്ചാൽ മറുപടി കിട്ടുന്നില്ല. ഒടുക്കം ഭർത്താവ് വിവരം ഡേക്ടറെ കണ്ടു

പറഞ്ഞു. ഡോക്ടർ ഒരു  ഇയർ ഫോണിന്  നിർദ്ദേശിച്ചു. എത്ര അടി ദൂരത്ത് നിന്ന് പറഞ്ഞാൽ സാധാരണശബ്ദം അവർക്ക് കേൾക്കാം എന്ന് അളന്നിട്ട് വരണം, അതിനനുസരിച്ചാണ് ഇയർഫോൺ വയ്ക്കേണ്ടത്. ഭർത്താവ് പല അകലങ്ങളിൽ നിന്ന് അവരെ വിളിച്ച് എടിയേ, അത്താഴത്തിന് ഇന്നെന്തുവാണ്  എന്ന് ചോദിച്ചു. ആദ്യം മുപ്പത് അടി, പിന്നെ ഇരുപത്, പത്ത് എന്നിട്ടും ഒരു മറുപടിയും ഇല്ല. അവസാനം നിരാശയോട് അഞ്ചടി അടുത്തു ചെന്ന് ചോദിച്ചപ്പോൾ പൊട്ടിത്തെറിച്ചു കൊണ്ട് അവർ പറഞ്ഞു, "ഹേ! മനുഷ്യാ ഇന്ന് കഞ്ഞിയും, പയറുമാണെന്ന് എത്രപ്രാവശ്യം പറയണം". ശ്രദ്ധിച്ചു കേൾക്കൂ ഇത് നമ്മുടെ തന്നെ കഥയാണോ? പ്രശ്നങ്ങൾക്ക് ഉത്തരവാദി നമ്മൾ തന്നെയാണ്. തിരുത്തേണ്ടതും നാം തന്നെ. മറ്റുള്ളവർ മാറിയിട്ട് ലോകം നന്നാവുകയില്ല. മനസ്സിനെ മനസ്സുകൊണ്ടു തന്നെ ഉദ്ധരിക്കുക. മാനുഷിക ധ്യാനം ചെയ്യുക. അടുത്തയാത്രയ്ക്ക് ഇതുപോലെ കൂടാം. എല്ലാവർക്കും നമസ്കാരം. വനംവകുപ്പിന്, രത്നാകരൻ സാറിന്, കാടിന്, കാട്ടാറിന്, പ്രകൃതിക്ക് - ചെലവുകൾ കൂട്ടി പങ്കിട്ടു. വണ്ടി, ഭക്ഷണം, ഡോർമെറ്ററി, എല്ലാ ചെലവുകളും ഉൾപ്പെടെ കൊച്ചുകുട്ടികളെ ഒഴിവാക്കിക്കൊണ്ട് ആളോഹരി 650/- രൂപ. ആദിവാസികളുടെ ഒരു പാട്ടു കൂടി പാടി യോഗം അവസാനിപ്പിക്കാം.

മണ്ണേ നമ്പി ഏലേലോ മരമിരുക്ക് ഐലസാ
മരത്തെ നമ്പി ഏലേലോ ഇലയിരുക്ക് ഐലസാ
ഇലയെ നമ്പി ഏലേലോ പൂവിരുക്ക് ഐലസാ
പൂവേ നമ്പി ഏലേലോ കായിരുക്ക് ഐലസാ
കായേ നമ്പി ഏലേലോ നാമിരുക്ക് ഐലസാ
നമ്മെ നമ്പി ഏലേലോ നാടിരുക്ക് ഐലസാ

പ്രകൃതിയിലുള്ളതെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു വെന്ന് ആ വരികൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

സാധനങ്ങളെല്ലാം വണ്ടിയിൽ കയറ്റി, എന്നാൽ ആരുമിപ്പോൾ വണ്ടിയിൽ കയറണ്ട, അതിമനോഹരമായ ഒരു ദൃശ്യം കൂടി കാണാനുണ്ട്. വണ്ടി ചെക്ക്പോസ്റ്റിൽ വന്ന് കിടക്കട്ടെ, വരൂ അരകിലോമീറ്റർ നദീതീരത്തു കൂടി നടക്കാം, അവിടെയാണ് വാഴച്ചാൽ വെള്ളച്ചാട്ടം. ഈ വഴിയിലാണ് ഇന്നലെ ഞങ്ങൾക്ക് ഉച്ചഭക്ഷണം തന്ന

ആദിവാസി (ഇന്ദിര) കളുടെ വീട്. ഭക്ഷണം തന്നിട്ട് പണം (2500 രൂപ) അപ്പോൾ വാങ്ങാതെ വീട്ടിൽ കൊടുത്താൽ മതിയെന്ന് പറഞ്ഞു. പോരാനുള്ള തിരക്കിനിടയിൽ ഞാനത് മറന്നു. ആരും ചോദിച്ചുമില്ല. അവരുടെ ഊരും കഴിഞ്ഞ് പോന്നപ്പോഴാണ് സംഭവം ഓർത്തത്. അവർക്കാണെങ്കിൽ ഞങ്ങളുടെ ഊരും പേരും അറിയുകയുമില്ല. തിരിച്ചുവന്ന് പണം നൽകി. നല്ല ഭക്ഷണം ആയിരുന്നോ, തികഞ്ഞോ എന്നൊക്കെ അവർ അന്വേഷിച്ചു. ഞാൻ ഓർത്തുപോയി. ഞാൻ മറന്നുപോയാൽ അവർക്കത് വാങ്ങാൻ ഒരു മാർഗ്ഗവുമില്ല. പാവങ്ങൾ അവർക്കെങ്ങനെ ഇത്ര ദൃഢവിശ്വാസം ഉണ്ടായി? നമുക്കെന്തുകൊണ്ട് ആ നൈസർഗ്ഗികത നഷ്ടമായി? ചിന്തനത്തിന്?

ഞങ്ങൾ നടന്ന് വെള്ളച്ചാട്ടത്തിനരുകിലെത്തി. ഇവിടെയിരുന്ന് വെള്ളച്ചാട്ടം കാണുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സന്തോഷമായിരുന്ന് ചാലക്കുടി പുഴയുടെ മഴക്കാലനൃത്തം കണ്ടുകൊള്ളൂ. വിശാലമായ നദിയിലെ ഉയർന്നു നിൽക്കുന്ന പാറക്കല്ലുകളിൽ തട്ടിതട്ടി ചിന്നിച്ചിതറി പാൽതൂവും പോലെ നിറഞ്ഞു കവിഞ്ഞാണ് പുഴ ഇവിടെ ഒഴുകുന്നത്. ഏറെനേരം നോക്കിയിരുന്നു, ക്യാമറകളും ആർത്തിയോടെ ഭക്ഷിച്ചു. ഇത് നദിയുടെ ഭരതനാട്യം. അതിരപ്പള്ളിയിൽ മോഹിനിയാട്ടം. ഇതു കണ്ട് വിശ്വമൈത്രീഭാവനയിൽ മനസ്സ് വിരിഞ്ഞു വരട്ടെ. പിന്നെ ശാന്തി തേടി എങ്ങും പോവേണ്ടതില്ല. ശാന്തിയും, സമാധാനവും നമ്മെ തേടി വരും. ശങ്കരാ ട്രാവത്സ് ഞങ്ങളേയും കൊണ്ട് വാഴച്ചാലും, അതിരപ്പള്ളിയും പിന്നിട്ട് ചാലക്കുടി ലക്ഷ്യമാക്കി ഇതാ ഓടിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ വണ്ടിയിൽ എല്ലാവരും നല്ല ഉറക്കമാണ്. ചാലക്കുടി കഴിഞ്ഞ് കുട്ടികൾ ഉണർന്ന് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്ത് തുടങ്ങിയപ്പോൾ എല്ലാവരും നല്ല ഉഷാറായി. മൈക്ക് ഓൺ ചെയ്ത് വിദ്യാധരൻ സാറും, സഹധർമ്മിണി സുപ്രിയയും നല്ല പാട്ടുകൾ പാടി. യാത്രാനുഭവങ്ങൾ പങ്കിട്ടു, സീത നാടൻ പാട്ടുകൾ പാടി, എല്ലാവരും അതേറ്റു പാടി. യാത്രാനുഭവങ്ങളും, അഷ്റഫിന്റെ മകൾ അജ്മിലയുടെയും കൂട്ടരുടെയും പാട്ടുകളും കേട്ടുകൊണ്ടിരുന്നതിനാൽ മടക്കയാത്ര അനായാസമായിരുന്നു. രാത്രി 9 മണിയോടെ വണ്ടി നീർക്കുന്നത്തെത്തി. എല്ലാ വായനക്കാർക്കും നമസ്കാരം. വെള്ളത്തിൽ പോയ ക്യാമറ എടുത്ത

സുന്ദര ദൃശ്യങ്ങൾ കണ്ടു. മനസ്സ് സുന്ദരമാവട്ടെ ഈ ലോകവും സുന്ദരമാകും. പങ്കെടുത്തവർ ഫെയ്സ്ബുക്കിലൂടെ ഒരു കൂട്ടായ്മയ്ക്ക് രൂപം കൊടുത്ത് ബന്ധപ്പെടുന്നുണ്ട്. സ്ഥലപരിമിതിയാൽ പങ്കെടുത്ത കുടുംബനാഥന്റെ പേരും ഫോൺ നമ്പരും മാത്രം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സജീവൻ - 9447673527, | സിജുമോൻ - 9384441936 |
| പരമേശ്വരൻ നമ്പൂതിരി - 04802701714, | അഷ്റഫ് - 9249249624 |
| സതീഷ് ചന്ദ്രൻ - 9946660470, | ശിവശങ്കരൻ സാർ - 9446787662 |
| സരോജിനി കൃഷ്ണൻ - 9447549677, | സീതാദേവി - 9287962677 |
| ഷാജി - 9447035885, | ബാഷ - 9061492149 |
| ഷാജഹാൻ - 9947830707 | അബ്ദുൽ ഹക്കീം - 9037565901 |
| മുഹമ്മദലി - 9447410142 | ചന്ദ്രൻ പുറക്കാട് - 9446327525 |
| സുധീർ - 9847765254 | ബാബു - 9895505306 |
| സണ്ണി വർഗ്ഗീസ് - 9947997860 | തങ്കമണിച്ചേച്ചി - 9656031544 |
| ശിവാനന്ദൻ സാർ - 8907548380 | വിദ്യാധരൻ സാർ - 9447481707 |
| ഗിരിജൻ - 9947942233 | രാധാകൃഷ്ണൻ - 9496158249 |
| സുരേഷ് - 7736613137 | |

# "പുതിയ ലോകം പുതിയ വഴി" ഒരു അനുചിന്തനം

(ഭാഗം 15)

*(ദർശനത്തിന്റെ ബൈബിളായ പുതിയ ലോകം പുതിയ വഴിയിലൂടെ ശ്രീ. ജോർജ്ജ് മൂലേച്ചാലിന്റെ കൈപിടിച്ച് ഒരു പഠനയാത്ര തുടരുന്നു, കൂടെ പോന്നോളൂ)*

## ബോധപൂർവ്വസമൂഹത്തിലെ ജീവിതക്കാഴ്ചകൾ

"പുതിയ ലോകത്തിൽ ജോലിക്കു പ്രതിഫലം ഏതു തരത്തിലായിരിക്കും?" എന്ന ചോദ്യത്തിന് അദ്ദേഹം നൽകുന്ന ഉത്തരവും ഇതിനോടു ചേർത്ത് ഉൾക്കൊള്ളേണ്ടതാണ്. അദ്ദേഹം പറയുന്നു: "സ്വന്തം കുടുംബത്തിൽ ചെയ്യുന്ന ജോലിക്ക് പ്രതിഫലവുമായി

എന്തെങ്കിലും ബന്ധമുണ്ടാകുമോ? പ്രതിഫലം ജോലിയിൽ ലയിച്ചുനിൽക്കും. ദാഹിക്കുന്ന ഒരാൾക്ക് മറ്റൊരാൾ വെള്ളം കൊണ്ടുവന്നു കൊടുക്കുന്നു. ദാഹശമനമാണതിന്റെ പ്രതിഫലം. പ്രതിഫലത്തിനു വിലയെന്ന രൂപത്തിൽ സ്ഥാനം വരുന്നത് അന്യത്വം നിലനിൽക്കുമ്പോൾ മാത്രമാണ്. നാണയത്തിനു സർവ്വാധികാരമുള്ള ഇക്കാലത്തുപോലും സുഹൃത്തുക്കളുടെയിടയിൽ അതിനു സ്ഥാനം ഇല്ലാതായി പോകാറില്ലേ? പുതിയ ലോകത്തിൽ വില, കൂലി, പലിശ, മൂലധനം തുടങ്ങിയ ശബ്ദങ്ങൾതന്നെ ഉണ്ടാവില്ല. ഓരോ പ്രവൃത്തിയും അതിന്റെ പ്രതിഫലവുംകൂടി ആയിരിക്കും. ബുക്കു തുന്നുന്ന ഒരാളിന്റെ പ്രതിഫലം ബുക്കുണ്ടാക്കുന്നു എന്നതാണ്. നെയ്ത്തിന്റെ പ്രതിഫലം വസ്ത്രം. കിണർ കുഴിക്കുന്നതിനുള്ള പ്രതിഫലം തെളിനീർ.......... പ്രതിഫലം കൊടുത്ത് നാം ഇന്നു ബന്ധം മുറിക്കുകയാണ്.......... മറിച്ച്, പുതിയ സമൂഹത്തിൽ ഓരോ കൊടുക്കൽ വാങ്ങലിലും മനുഷ്യബന്ധം തിളങ്ങിക്കൊണ്ടിരിക്കും; ദൃഢമായിക്കൊണ്ടിരിക്കും......" ( ആദ്യ പതിപ്പ്: പേജ്, 59-60; രണ്ടാം പതിപ്പ്: പേജ് 48).

സ്വന്തം കുടുംബത്തിനുള്ളിൽ പ്രതിഫലമെന്ന പ്രേരണകൂടാതെയാണ് എല്ലാവരും ജോലി ചെയ്യുന്നതെന്ന, അധികമാരും ശ്രദ്ധിച്ചിട്ടുണ്ടാവില്ലാത്ത സത്യം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഈ മറുപടി ആരുടെയും കണ്ണുതുറപ്പിക്കാൻ പോരുന്നതാണ്. കാരണം, അത് വെറുമൊരു അറിവല്ല, എല്ലാവരുടെയും അനുഭവംതന്നെയാണ്. കുടുംബമെന്ന ഏറ്റം ചെറിയ സമൂഹത്തിലെ ഒരു ജോലിക്കും പ്രവർത്തനത്തിനുംപിന്നിൽ ഇന്നത്തെ രീതിയിലുള്ള പ്രതിഫലചിന്തയല്ല പ്രേരണയായി വരുന്നത് എന്നത്, നവസമൂഹസ്രഷ്ടാക്കൾക്കു നൽകുന്നത് പ്രത്യാശാഭരിതമായ വലിയൊരു ഉൾക്കാഴ്ചയാണ്. കാരണം അൽക്കൂട്ടസമൂഹദർശനപ്രകാരം, നവസമൂഹമെന്നാൽ ഈ കുടുംബസമൂഹത്തിന്റെതന്നെ വിപുലീകൃതരൂപമാണ്; മനുഷ്യന്റെ കുടുംബബോധം സ്വന്തം കുടുംബത്തിനു പുറത്തേക്കു വ്യാപിക്കുമ്പോൾ പിറവികൊള്ളുന്നതാണത്. അപ്പോൾ സ്വാഭാവികമായും കുടുംബസമൂഹത്തിൽ നൈസർഗ്ഗികമായി നിലനിന്നുപോരുന്ന ഐശ്വര്യനിയമങ്ങളും സഹജപ്രേരണകളുമായിരിക്കുമല്ലോ പുതുതായി രൂപംകൊള്ളുന്ന പൊതുസമൂഹത്തിലുമുണ്ടാകുക.

എല്ലാവരും എന്തുചെയ്യുന്നതും എല്ലാവർക്കും വേണ്ടിയാണെന്ന് എല്ലാവരും അറിയുന്ന സാഹചര്യത്തിൽ തൊഴിൽ രംഗത്ത് ഇന്നുള്ള ഉച്ചനീചത്വം ഇല്ലാതാകുമെന്ന പങ്കജാക്ഷൻ സാറിന്റെ പ്രസ്താവന അതിശയോക്തിയല്ലേയെന്ന് ആർക്കും പെട്ടെന്നുതോന്നാം. ഇന്നു കാണുന്ന ഉച്ചനീചത്വങ്ങൾ മനുഷ്യൻ കൃത്രിമമായി ഉണ്ടാക്കിയതാണെന്നത് ഒരു വസ്തുത ആയിരിക്കേ, ആ കൃത്രിമത്വങ്ങൾ മാറ്റിയാൽ, ഉച്ചനീചത്വത്തിനു പിന്നെ നിലനില്ക്കാനാവില്ലെന്നു വരുന്നു. സാമൂഹികജീവിയായിമാത്രം ജീവിക്കാൻ കഴിവുള്ള മനുഷ്യൻ സ്വകാര്യമാത്രജീവിതത്തിലേക്ക് തിരിഞ്ഞതാണ് എല്ലാ കൃത്രിമങ്ങൾക്കും കാരണം. പരസ്പരബന്ധമില്ലാത്ത ഒറ്റപ്പെട്ടവരുടെ കൂട്ടത്തെയാണ് നാമിന്നു സമൂഹമെന്ന് തെറ്റായി വിളിക്കുന്നത്. അത് സമൂഹമല്ല, ആൾക്കൂട്ടമാണ്; അല്ലെങ്കിൽ ജീവനില്ലാത്ത സമൂഹമാണ്, ജൈവസമൂഹമല്ല. മനുഷ്യർ ജൈവസമൂഹമായാൽ മാത്രമേ പങ്കജാക്ഷൻ സാർ വിഭാവനം ചെയ്യുന്നതരത്തിൽ തൊഴിലിലുള്ള ഉച്ചനീചത്വം അവസാനിക്കൂ.

കുടുംബസമൂഹമെന്നപോലെ, പൊതുസമൂഹവും ഒന്നിച്ചു മിടിക്കാനാരംഭിച്ചാൽ അതൊരു ജൈവസമൂഹ മായിത്തീരുന്നു; ഒറ്റ ശരീരംപോലെ ആയിത്തീരുന്നു. ശരീരത്തിനു വിശന്നാൽ അത് എല്ലാ കോശങ്ങളുടെയും വിശപ്പാണ്. ഭക്ഷണമെന്ന ആവശ്യബോധം ഒന്നിച്ചനുഭവപ്പെടുന്നു. അതിന്റെ പ്രേരണയിൽ കൈയും വായും ചേർന്ന് ഭക്ഷണം ഉള്ളിലാക്കിക്കൊടുക്കുന്നു. വിശപ്പകലുന്നു. ഇവിടെ വിശപ്പകന്നു എന്നതാണ് പ്രതിഫലം. ബോണസായി, ആശ്വാസവും സന്തോഷവും സംതൃപ്തിയും കൃതാർത്ഥതയും അനുഭവപ്പെടുകയും ചെയ്യുന്നു. ഇവിടെ വിശക്കുന്ന സന്ദർഭത്തിൽ, വായ്ക്കും കൈയ്ക്കും അവയുടെ 'തൊഴിലി'നും ഏറ്റം പ്രാധാന്യമാണ് കൈവരുന്നതെന്നു കാണാം. ഭക്ഷണം കഴിഞ്ഞാൽ, ദഹനേന്ദ്രിയങ്ങൾക്കും അവയുടെ തൊഴിലിനും പ്രാമുഖ്യം കൈവരുന്നു. യാത്ര ആവശ്യമായി വരുമ്പോൾ കാലുകൾക്കും, പാടുമ്പോൾ കണ്ഠത്തിനും, കേൾക്കുമ്പോൾ കാതിനും....... പ്രാധാന്യം കൈവരുന്നു. എന്നാൽ, ആകമാനശരീരത്തിന്റെ സൗഖ്യത്തിനും സുസ്ഥിതിക്കുംവേണ്ടി ഇവയോരോന്നും നിർവ്വഹിക്കുന്ന 'തൊഴിലുകൾ'തമ്മിൽ

ഏതെങ്കിലും തരത്തിൽ ഉച്ചനീചത്വം ഉള്ളതായി കണ്ടെത്താൻ ആർക്കും സാധിക്കില്ല. അവയെല്ലാം തമ്മിൽ കൈകോർക്കുകയാണ്. ഏറ്റക്കുറച്ചിലുകളുണ്ടെങ്കിൽ കൈകോർക്കാനാവില്ലല്ലോ. അങ്ങനെതന്നെയായിരിക്കും മാനുഷികമായ പുതിയ ലോകത്തിലെയും കാര്യം. ആകമാന മനുഷ്യകുലത്തിനുവേണ്ടി എന്ന ബോധം നിലനിർത്തിക്കൊണ്ട് മനുഷ്യർ നിർവ്വഹിക്കുന്ന തൊഴിലുക ളൊന്നുംതമ്മിൽ ഉച്ചനീചത്വമുള്ളതായി ആർക്കും അനുഭവപ്പെടില്ല. എല്ലാം സ്വധർമ്മനിർവ്വഹണമായി പരിഗണിക്കപ്പെടും. വൈവിധ്യമാർന്ന കർമ്മങ്ങൾ പരസ്പരപൂരകങ്ങളായി വർത്തിച്ച് ജീവിതത്തെയാകെ പരസ്പരാനന്ദകരമാക്കും.

ഇന്നു മനുഷ്യന്റെ കുടുംബബോധം, 'ഒരു വയർ അല്ലെങ്കിൽ മൂന്നുവയർ എന്ന കാഴ്ചപ്പാടിൽ' ഒതുങ്ങി നിൽക്കുകയാണ് എന്നതാണ് പ്രശ്നം. ഈ പ്രശ്നത്തിനുള്ള പരിഹാരമായാണ് കുടുംബങ്ങളുടെ കൂട്ടായ്മകൾ സ്വന്തം പ്രദേശങ്ങളിൽ സംഘടിപ്പിച്ച് അവയെ ജീവനുള്ള സമൂഹങ്ങളാക്കാൻ പങ്കജാക്ഷൻ സാർ ആഹ്വാനം ചെയ്യുന്നത്.

ഫോൺ: 9497088904

---

# ഉത്തരാഖണ്ഡ് ദർശനം - 8

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

*"പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ......." നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം.*

മനസ്സിനും ശരീരത്തിനും മാത്രമല്ലജീവിതത്തിനു തന്നെയും ശാന്തി ലഭിക്കുന്നതിനുവേണ്ടിയാണ് തീർത്ഥാടനങ്ങൾ. ഉത്തരകാശിയിലെ യാത്ര അതു നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. യാത്രകളുടെയും തീർത്ഥാടനങ്ങളുടെയും പൂരപ്പറമ്പാണ് കാശി. ഹിമാലയത്തിന്റെ ഈ താഴ്വരയിൽ നിൽക്കുമ്പോൾ നാം കാണുന്നത് ഇതിഹാസങ്ങളുടെയും പുരാണങ്ങളുടെയും ചരിത്രവഴികളാണ്.

ആ വഴികളുടെ വലിയൊരു നാൽക്കവലയാണ് കാശിയിലെ വാരണാവതം. എത്രെയെത്ര മുഹൂർത്തങ്ങളുടെ ഗതകാല സ്മൃതി

മണ്ഡലങ്ങളാണ് യാത്രികരെ തഴുകി ഇവിടെ നിൽക്കുന്നത്. ഇവിടെ ഓരോ മണൽത്തരികൾക്കും ഓരോ കഥകൾ പറയാനുണ്ട്. ഒന്നും രണ്ടുമല്ല ഏറെയേറെ.

സൂക്ഷ്മത്തിൽനിന്നും സ്ഥൂലത്തിലേക്ക് പോകുമ്പോൾ അത് അനന്തമായ ആകാശംപോലെ വിസ്തൃതമാകുന്നു. ഭൂമിയും പാതാ ളവും സ്വർഗ്ഗവും അവയുടെ വഴികളും ആരംഭിക്കുന്നതും ഇവിടെ നിന്നുതന്നെയാണെന്ന് ആ ദൃശ്യപ്രപഞ്ചം നമ്മെ ഓർമ്മിപ്പിക്കും. നാം കണ്ടും കേട്ടും സങ്കൽപ്പിച്ചും അറിഞ്ഞ എല്ലാം കാലദേശങ്ങ ളുടെയും പ്രവാഹഭൂമിയെ നമുക്കിവിടെ കാണാൻ കഴിയുന്നു. ത്രേതായുഗവും ദ്വാപരകാലവും അവയുടെ പാദമുദ്രകൾ പതിപ്പിച്ച പൗരാണിക പാതകളാണ് മദ്ധ്യേ നമുക്കുചുറ്റും.

ഐതിഹ്യങ്ങളുടെയും ചരിത്രത്തിന്റെയും കെട്ടുപിണഞ്ഞ എത്രയെത്ര അജ്ഞാതതീരങ്ങൾ. അവ ഇവിടെ രാമായണമായും മഹാഭാരതമായും കഥാസരിത്സാഗരമായും തിരയടിക്കുന്നു. പൗരാ ണിക ഭാരതത്തിന്റെ അതിമഹത്തായ സംഭാവനകൾപലതും അവ യുടെ ഗന്ധവും ഇവിടെ നാം അറിയുന്നു. നമുക്കുമുമ്പ് എത്രയെത്ര ജനപഥങ്ങൾ. കാശിയിലെ ഗംഗയുടെ കല്ലോലങ്ങളെ നോക്കി നിൽക്കുമ്പോൾ അവ പറയുന്ന പാടുന്ന കഥകളിൽ അറിയാതെ നാമും ചേർന്നൊഴുകുന്നു. അവയുടെഅന്ത്യവും ആഴവും ആരം ഭവും നമുക്കറിയാൻ കഴിയുന്നില്ല. ഇത് ഇതിഹാസമാണ്; വേദമാ ണ്, ഉപനിഷത്താണ്, ചരിത്രവഴികളുടെ ആദിയും അന്ത്യവും സമ്യ ക്കായി ഇവിടെ കോർത്തിണക്കിപ്പെട്ടിരിക്കുന്നു. വൈവിദ്ധ്യമുള്ള മുത്തും പവിഴവും രത്നവും പോലെ.

ഇവിടെ നിൽക്കുമ്പോൾ പുരാതനമേത് അർവ്വാചീനമേത് പ്രച ണ്ഡമായ കാലപ്രവാഹമെവിടെയെന്ന് അന്വയിച്ചെടുക്കുക ക്ലേശ കരംതന്നെ. കാലതീരത്തിന് അതിർത്തിക്കല്ലിടാൻ കഴിയില്ലല്ലോ. നമുക്കും പ്രവാഹത്തിലൂടെ സഞ്ചരിക്കാനേ കഴിയൂ. മനുഷ്യവർഗ്ഗ ത്തിന് ബുദ്ധിയുദിച്ചകാലം മുതലുള്ള സഞ്ചാര വഴികളിവിടുണ്ട്. അതിന് കൃത്യമായ അതിർവരമ്പുകളില്ല. എല്ലാം തോന്നലുകളും നിഗമനങ്ങളുമാണ്; സങ്കൽപ്പങ്ങളുമാണ്. കൃത്യത എന്നത് ഒന്നിനു മില്ല. അതു പുറമ്പോക്കു ഭൂമിപോലെയാണ്. എങ്ങോട്ടുവേണമെ ങ്കിലും അതിനെ വലിച്ചുമാറ്റാം. അതിന് ആധികാരികതയുടെ ചിന്മുദ്ര

കൈയിൽ വേണമെന്നുമാത്രം.

കാശി പല പ്രാവശ്യം വിദേശികളാൽ ആക്രമിക്കപ്പെട്ടിട്ടുണ്ട്. അധികാരത്തിനുവേണ്ടിയും ധനത്തിനുവേണ്ടിയും. വിദ്യയ്ക്കും വിജ്ഞാനത്തിനും പേരുകേട്ട സ്ഥലമായിരുന്നു കാശി. പല വിദേശരാജ്യങ്ങളിൽനിന്നും കാശിയിലെ വിദ്യാപീഠത്തിൽ വിദ്യാർത്ഥികൾ വന്ന് പഠിച്ചിരുന്നു. ചൈന, ഏദൻസ്, ഗ്രീസ്, റോം, ബാബിലോണിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നുപോലും അറിവിനും വ്യാപാരത്തിനുമായി സഞ്ചാരികൾ ഇവിടെ വന്നിരുന്നു. അക്കാലത്തെ ദേശാടന കൃതികളിൽ പലപ്പോഴും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. കാശി വിശ്വനാഥ ക്ഷേത്രത്തിന് അടുത്തായിരുന്നു പ്രസിദ്ധമായ വാരണാസി. വാരണാസി, ബനാറസ് സർവ്വകലാശാലകൾ വിശ്വപ്രസിദ്ധങ്ങളാണ്.

കാശി വിശ്വനാഥ ക്ഷേത്രത്തിൽ പലതവണ വിദേശാക്രമണം ഉണ്ടായപ്പോൾ തന്നെ കുറേക്കൂടി സുരക്ഷിതമായ ഉത്തരകാശിയിൽ പ്രതിഷ്ഠിച്ച് ആരാധിച്ചാൽ മതിയെന്ന് അക്കാലങ്ങളിലെ ദേവപ്രശ്നങ്ങൾ വെളിവാക്കിയിരുന്നു. ചെന്നെത്തുക കുറേക്കൂടെ ശ്രമകരമായിരുന്നു അവിടം. അങ്ങനെ ഉത്തകാശിയും ആദ്ധ്യാത്മിക മണ്ഡലത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടി. യമുനയും ഗംഗയും ഈ ക്ഷേത്രസങ്കേതത്തെയും പാവനമാക്കി ഒഴുകിക്കൊണ്ടിരിക്കുന്നു. പിതൃദേവകളും ഇവിടെ അധിവസിക്കുന്നുവെന്നാണ് വിശ്വാസം. ബ്രഹ്മാവുതന്നെ കാശിയിൽവന്ന് ശിവലിംഗം സ്ഥാപിച്ചുവെന്നാണ് ലാസ്യപുരാണത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

കൈലാസത്തിൽവെച്ച് ഒരിക്കൽ പരമശിവൻ പാർവ്വതീദേവിയോട് അരുളിച്ചെയ്തു : ദേവീ, വാരണാസി ക്ഷേത്രം ഒരിക്കലും അവിടെനിന്നും നശിക്കുന്നില്ല. അതിനെ അവിമുക്തം എന്നു തന്നെ വിളിക്കാം. "അവിടെവച്ച് ചെയ്യപ്പെടുന്ന തപസ്സും ജപവും ഹോമദാനങ്ങളും അക്ഷയമായിരിക്കും. കല്ലുകൾകൊണ്ടും മുള്ളുകൾകൊണ്ടും തേഞ്ഞ കാലടികളുമായി അവിടെച്ചെന്ന് വിശ്വാസപൂർവ്വം ഭജിക്കുകയും വസിക്കുകയും വേണം. പിന്നീടൊരിക്കലും തിരിച്ചുപോകയുമരുത്.

അവിടെ മോക്ഷദായിനികളായ എട്ട് തീർത്ഥങ്ങളുണ്ട്. വളരെ പ്രശസ്തങ്ങളുമാണവ. പരമോന്നതവും പവിത്രവുമായ ഹരിശ്ചന്ദ്ര

തീർത്ഥം, ജപ്യേശ്വരതീർത്ഥം, ശ്രീപാർവ്വതീതീർത്ഥം, മഹാലയ തീർത്ഥം, ഭൃഗുതീർത്ഥം, ചണ്ഡേശ്വരതീർത്ഥം, കേദാരതീർത്ഥം ഇവയാണ് അവ. ഈ തീർത്ഥങ്ങൾക്കിടയിലാണ് വാരണാസി. വാരണാസിയിൽ സ്നാനം, ജപം, ഹോമം, മരണം, ദേവാർച്ചന, ശ്രാദ്ധം, ദാനം, നിവാസം, മുതലായി എന്തു ചെയ്യുന്നുവോ അതെല്ലാം ഭക്തിയേയും മുക്തിയേയും വർദ്ധിപ്പിക്കും.

കാശിരാജ്യത്തിന്റെ പ്രസക്തി മഹാഭാരതത്തിൽ പലയിടങ്ങളിൽ പരാമർശിച്ചിരിക്കുന്നു. പ്രാചീന ഭാരതത്തിലെ ഒരു ജനപദം. ഭീമസേനൻ കാശിരാജപുത്രിയായ ബലന്ധരയെ വിവാഹം കഴിച്ചു. ഭീമസേനൻ കാശിരാജ്യം പിടിച്ചടക്കി. കാശിരാജാവ് കൗരവപാണ്ഡവയുദ്ധത്തിൽ പാണ്ഡവപക്ഷം ചേർന്നുനിന്നു. അംബയുടെ സ്വയംവരത്തിൽ ഭീഷ്മർ ഈ രാജ്യം പിടിച്ചടക്കി. യുധിഷ്ഠിരൻ അശ്വമേധത്തിനയച്ച കുതിര ഈ രാജ്യത്തിലും ചെന്നിരുന്നു. കാശി എന്നും അവിസ്മരണീയം തന്നെ.

ഈ തീരത്തിലൂടെയുള്ള തീർത്ഥാടനങ്ങൾപോലും നമ്മുടെ മനസ്സിനേയും ശരീരത്തേയും ഉത്തേജിപ്പിക്കും. വിശ്വമാനവികതയുടെ മുത്തശ്ശൻമാർ പലരും ഇവിടെ കുടിയിരിക്കുന്നു. അവരുടെ അനുഗ്രഹങ്ങൾ തീർത്ഥാടകനു തീർച്ചയാണെന്നാണ് വിശ്വാസം. അതുകൊണ്ടുതന്നെ ഇവിടുത്തെ പിതൃതർപ്പണവും ഏറെ പ്രസക്തമായിരിക്കുന്നു.

ഈന്ദ്രപ്രസ്ഥം തീർത്ത മയൻ തന്റെ സമ്പാദ്യങ്ങളിലേറെയും സൂക്ഷിച്ചിരുന്നത് ഈ ദേവഭൂമിയിലാണെന്നാണ് വിശ്വാസം. പാണ്ഡു സഹോദരനായ ധൃതരാഷ്ട്രർ വിട്ടുവീഴ്ചയെന്ന നിലയിൽ ഒരു വനപ്രദേശം പാണ്ഡവ സഹോദരന്മാർക്ക് വിട്ടുകൊടുത്തപ്പോൾ അവിടെ ദേവശിൽപ്പിയായ മയനാണ് അവർക്ക് ഒരു കൊട്ടാരം പണിതുകൊടുത്തത്. ഇന്ദ്രപ്രസ്ഥം അന്നുവരെ ലോകം കണ്ടതിൽ അത്ഭുതകരമായ ഒരു രമ്യഹർമ്മ്യമായിരുന്നു അതെന്ന് ഇതിഹാസങ്ങൾ പറയുന്നു. ഒരിക്കൽ കാട്ടുതീയിൽനിന്ന് തന്റെ ജീവൻ രക്ഷിച്ചതിനുള്ള പ്രത്യുപകാരമായി കൂടെയാണ് മയൻ അതിന് തുനിഞ്ഞത്. വേണ്ട എന്ന് അർജ്ജുനൻ തടസ്സപ്പെടുത്തിയിട്ടും ശ്രീകൃഷ്ണന്റെ ഒരുപാസകൻ കൂടെയായ മയൻ ഒട്ടുംതന്നെ പിന്മാറിയില്ല. എങ്കിൽ കൃഷ്ണന്റെ അഭിപ്രായത്തിനു വിടാമെന്നായി

അർജ്ജുനൻ. മയൻ വരച്ച ചിത്രത്തിന് കൃഷ്ണന്റെ പൊടിക്കൈകൾ കൂടെ ചേർന്ന് രൂപകൽപ്പന പൂർത്തിയായി. നിശ്ചിത സമയത്തിനുള്ളിൽ തീർക്കുമെന്ന പ്രതിജ്ഞയോടെ കൊട്ടാരത്തിന് ശിലയിട്ടു. ഡൽഹിയിലെ വിസ്തൃതമായ ഒരു സ്ഥലം ഇതിനായി മയൻ അളന്നു തിട്ടപ്പെടുത്തി. അരമാസക്കാലത്തെ കാലാവധി പറഞ്ഞ് മയൻ ഇന്ദ്രപ്രസ്ഥത്തിന്റെ പണിതുടങ്ങി.

മായാജാലങ്ങളും ഇന്ദ്രജാലങ്ങളും സമരസപ്പെടുത്തിക്കൊണ്ടുള്ള ആ കൊട്ടാരനിർമ്മാണം പുറത്തുള്ളവർ കാണാതിരിക്കുവാൻവേണ്ടി മായാജാലങ്ങൾ ഉപയോഗിച്ചെന്നപോലെ അതിനിഗൂഢമായി മയൻ അതിന്റെ ജോലികൾ ചെയ്യിച്ചു. അങ്ങനെ ഒരു കെട്ടിട നിർമ്മിതി ആരും അറിഞ്ഞില്ലതന്നെ. അത്രയേറെ രഹസ്യമായാണ് മയൻ തന്റെ നിർമ്മാണചാതുരി നടപ്പിലാക്കിയത്. പാണ്ഡവ പ്രധാനിയായ ധർമ്മപുത്രരുടെ നിലയ്ക്കും വിലയ്ക്കും ഒത്ത രീതിയിലാവണം കൊട്ടാരമെന്ന് ശ്രീകൃഷ്ണൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

സ്ഥലജലഭ്രമം ആർക്കും ഉണ്ടാകുമെന്ന രീതിയിലായിരുന്നു നിർമ്മാണം. വലിയ ഹാൾ മുറികളും തൂക്കുമഞ്ചങ്ങളും ഇടനാഴികളും വിസ്തൃതമായ വഴികളും താമരക്കുളങ്ങളും ഹംസമിഥുനങ്ങളും വർണ്ണമത്സ്യങ്ങളും കുളിക്കുളങ്ങളും ദേവലോകത്തെ തന്നെ അതിലംഘിക്കുന്ന മായാപ്രപഞ്ചം അവിടെ ആവിഷ്കരിക്കപ്പെട്ടു. ഇന്ദ്രനും ചന്ദ്രനുമെല്ലാം അവിടെ അതിശയം കൂറിനിന്നു. കുബേരനും മഹാലക്ഷ്മിയും അതിനു മുന്നിൽ സുല്ലിട്ടുനിന്നുപോയി. ഇന്ദ്രപ്രസ്ഥത്തിനു മുന്നിൽ ഏത് ഐന്ദ്രികജാലങ്ങളും ഒന്നുമല്ലാതായി.

കൊട്ടാരം കാണുവാൻ ക്ഷണിക്കപ്പെട്ട അതിഥികളെല്ലാം സാകൂതം അതെല്ലാം നോക്കിനിന്നു. വെണ്ണക്കല്ലുകളും, നീലവൈഢൂര്യംകൊണ്ടും ചാരുത പകർന്ന കൊട്ടാരക്കെട്ടുകളിൽ സഹായികളുടെ പിന്തുണയോടുകൂടെ മാത്രമേ പലർക്കും അതു കാണുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഒന്നും വേണ്ട എന്ന നിലയിൽ അഹങ്കരിച്ചു നടന്നുപോയ ചിലർ ഇടഭിത്തികളിൽ തലയിടിച്ചുപുളഞ്ഞു. കുളംകണ്ടു മുണ്ടുപൊക്കിയവർ ഒന്നുമില്ലാതെ വന്നതോർത്ത് ഇളിഭ്യരായി. കുളമില്ല എന്നു കരുതി നടന്ന ദുര്യോധനൻതന്നെ കുളത്തിൽ വീണു. ഈ രംഗങ്ങൾ കണ്ട് ദ്രൗപതി മാളി

കപ്പുറത്തിനിന്നിരുന്നു. അതുകണ്ടു മോശമായല്ലോ എന്നു ചിന്തിച്ച ദുര്യോധനൻ കോപപരവശനായി അവിടെനിന്നും രംഗംവിട്ടു. ഇതിനു പ്രതിവിധിയായി പിന്നീട് രജസ്വലയായ പാഞ്ചാലിയെ പാണ്ഡവർ ചൂതിൽ തോറ്റതിന്റെ പേരിൽ സഭാതലത്തിൽവച്ച് അപമാനിച്ചു. ദുശ്ശാസനൻ പാഞ്ചാലിയുടെ മുടിക്കെട്ടിൽ പിടിച്ച് ഗുരുജനങ്ങളുടെയും പൗരന്മാരുടെയും മുന്നിലേക്ക് വലിച്ചിഴക്കുകയായിരുന്നു. തന്റെ അഴിഞ്ഞ മുടിക്കെട്ട് ദുശ്ശാസനന്റെ നെഞ്ചിൽനിന്നൊഴുകുന്ന ചോരകൊണ്ട് ഭീമസേനൻ കെട്ടുന്ന നാളിൽ മാത്രമേ അതുകെട്ടി വയ്ക്കുയുള്ളൂവെന്ന് ദ്രൗപതി അന്ന് ശപഥം ചെയ്തു. ബാലിശമായ ചിന്തകൾക്കും പ്രവൃത്തികൾക്കും കൊടുക്കേണ്ടിവരുന്ന വില അതു ചെയ്യുമ്പോൾ അവർ ശ്രദ്ധിക്കുന്നില്ല. കേവലമായ ഒരു നിമിഷത്തിന്റെ പ്രേരണകൊണ്ട് എന്തൊക്കെ അനർത്ഥങ്ങളാണ് വന്നുകൂടുക. പാഞ്ചാലിയുടെ ചിരിയും അനീതിയ്ക്ക് അംഗീകാരം കൊടുക്കുന്ന ഗുരുവരന്മാരുടെ നീതിനിഷേധവും എന്തൊക്കെ അനർത്ഥങ്ങളാണ് വരുത്തിവയ്ക്കുന്നത്. വീണ്ടുവിചാരമില്ലാതെയുള്ള കേവല ചിന്തകളും പ്രവർത്തനങ്ങളും ഇന്നും ലോകം മതിയാക്കുന്നില്ല. ലോകാ സമസ്താ സുഖിനോഭവന്തു എന്നാണ് വ്യാസമുനി എഴുതിവച്ചത്. ലോകക്ഷേമത്തിനു വേണ്ടിയാവണം നമ്മുടെ എല്ലാ പ്രവർത്തനങ്ങളുമെന്ന് ഉപനിഷത്തുകളെല്ലാംതന്നെ ഉപദേശിക്കുന്നു. അതുകേൾക്കുവാനും കാണുവാനും അറിയുവാനുംവേണ്ടിയാണ് നമ്മുടെ തീർത്ഥാടനങ്ങളും യാത്രകളും.

വാരണാവതത്തിലെ ഈ ഭൂമികയിൽ നിന്നു നോക്കുമ്പോൾ എന്തെന്തു കാഴ്ചകളാണ് കാണുന്നത്. പല നൂറ്റാണ്ടുകൾ കഴിയുമ്പോൾ ഓരോ ദേശത്തിനുമുണ്ടാകുന്ന ഗതിമാറ്റങ്ങൾ പലതും നമ്മെ പഠിപ്പിക്കുന്നു. മഹാഭാരതത്തിലെ എത്രയെത്ര കഥകൾ നാം മനസ്സിലാക്കി. അക്കാലം മുതൽ ഇന്നുവരെ ഗംഗാനദി എത്രയെത്ര കുതിച്ചോട്ടങ്ങൾ നടത്തി. തീരം തകർത്തുകൊണ്ടുള്ള കുതിച്ചോട്ടങ്ങൾക്കു കാരണം നാം മനുഷ്യർതന്നെയല്ലേ. ഗംഗപോലും തടയപ്പെടുന്നു. അതിമോഹം മനുഷ്യമനസ്സുകൾ വാഴുമ്പോൾ വീണുപോകുന്നത് നമ്മുടെ സാംസ്കാരിക പൈതൃകംതന്നെയല്ലേ. ഉത്തരകാശിയിലെ ജനജീവതത്തിന്റെ പുളകച്ചാർത്തണിയിക്കുന്ന ജീവിതരംഗങ്ങൾ നമുക്കു തരുന്നത് യുക്തിഭദ്രമായ കാഴ്ചപ്പാടു

കൾതന്നെ എന്നു പറയുവാൻ കഴിയുമോ. പ്രകൃതിയെ കുത്തിനോവിക്കുകയും ഉഴുതുമറിക്കുകയും ചെയ്യുന്നവർ കാണാതെ പോകുന്നത് കൺതുറന്നു കാണുവാനും ചിന്താപരമായ ധാരണ ഏറ്റുവാനുമാകണം.

ഉത്തരകാശിയിലെ വാരണാവതം നമ്മുടെ സംസ്കാരിക കേന്ദ്രം മാത്രമായിരുന്നില്ല. ആദ്ധ്യാത്മിക മണ്ഡലത്തോടൊപ്പം പൈതൃകഭൂമിതന്നെയുമായിരുന്നു. വേദാരംഭകാലത്ത് വിജനദേശമായിരുന്നു ഈ ദേശം ഋഷിമാരുടേയും ദേവതകളുടേയും ആവാസകേന്ദ്രമായിരുന്നു. അന്ന് അവർ ഭൂമിയെ പ്രണമിക്കുകയും ഭൂമി അവർക്ക് ഫലമൂലാദികൾ നൽകി ആശ്രയം അരുളുകയും ചെയ്തു. ആശ്രയമരുളുന്ന പ്രകൃതിശക്തിയെ ആരാധിക്കുകയും പൂജിക്കുകയും ചെയ്യുന്ന മഹത്തായ ഒരു കാഴ്ചപ്പാട് അന്നത്തെ ജനതയ്ക്കുണ്ടായിരുന്നു. കുറച്ച് അദ്ധ്വാനിക്കുകയും കൂടുതൽ ലഭിക്കുകയും ചെയ്തിരുന്ന അക്കാലത്ത് സുഭിക്ഷതയോടു കഴിയുവാൻ കഴിഞ്ഞു. അധികം ലഭിച്ച സമയം ആരാധനയ്ക്കും പഠനത്തിനും രചനാപരമായ കാര്യങ്ങൾക്കുംമാറ്റിവയ്ക്കുവാൻ കഴിഞ്ഞു.

(തുരും)

# കത്തുകൾ മുത്തുകൾ

**എം. വാസുദേവക്കുറുപ്പ്, കഞ്ഞിപ്പാടം**

ഫോൺ : 9961490983

പ്രിയപ്പെട്ട ദർശനം പത്രാധിപർക്ക്,

ദർശനം ലക്കം 2, പുസ്തകം 42, മാർച്ചിലെ മാസിക പൂർണ്ണമായും വിഭവസമൃദ്ധവും, അതിരുചികരവുമായിരുന്നു. 'ഇതാണു ദർശന' ത്തിന്റെ ഭാവം എന്നു മാറ്റുരയ്ക്കും വിധം തേജോമയമായിരുന്നു അതിലുൾക്കൊണ്ടിട്ടുള്ള ഓരോ വരികളും. അത്ര ഹൃദയസ്പർശിയായിരുന്നു അതിലെ ഉള്ളടക്കം. അതിനു മുന്നിൽ എന്റെ പ്രണാമം.

പങ്കജാക്ഷൻചേട്ടന്റെ ദർശനത്തിലെ സേതുബന്ധനവും, ഇതു

വിളക്കത്തു വെച്ചു വായിക്കേണ്ടതാണെന്ന വായനക്കാരോടുള്ള ശ്രീ. കുട്ടികൃഷ്ണമാരാർ എന്ന സാഹിത്യ ഹംസത്തിന്റെ നിർദ്ദേശവും വായിച്ചപ്പോൾ എനിയ്ക്കു തോന്നിയ കാര്യം എഴുതുന്നു. പ്രിയമുള്ള ഏതൊരു വസ്തുവും അടുത്തിരിക്കുമ്പോൾ അതിന്റെ മഹത്വം ആസ്വദിക്കാറില്ല. നമ്മിൽ നിന്നും വേർപിരിഞ്ഞ് കഴിയുമ്പോഴാണ് അതെത്രയോ ദീപ്തമാണെന്ന സത്യം നമുക്കനുഭവപ്പെടുന്നത്. ഇതിലെ തത്വവിചാരത്തിൽ അടങ്ങിയിരിക്കുന്ന മനസ്സിന്റെ തേരോട്ടം വളരെ ഭാവോജ്ജ്വലമാണ്. കുറുപ്പു സാറിന്റെ ഹൃദയവിശാലതയാണ് "തൃക്തേനഭുഞ്ജീധ" എന്ന ഉപനിഷത് വാക്യത്തിലൂടെ അദ്ദേഹത്തിന്റെ മാതളപ്പഴത്തോടുള്ള ആഗ്രഹവും, സ്വന്തം വീടിന് അധികം അകലമല്ലാത്ത മരം വെട്ടുകാരനോടുള്ള ദയാവായ്പും, 'പ്രയോഗത്തിൽ' സൂചിപ്പിച്ചിരിക്കുന്നത്. വത്സരങ്ങൾ കൊഴിഞ്ഞകലും തോറും അദ്ദേഹത്തോടുള്ള സ്നേഹം വർദ്ധിക്കുന്നു.

ഡോ. ജേക്കബ്ബ് വടക്കഞ്ചേരിയുടെ മദ്യനിരോധനത്തിലെ, മദ്യകച്ചവടക്കാരെ സധൈര്യം വെളിച്ചത്തു കൊണ്ടു വരികയും, സർക്കാരിന്റെ റവന്യൂ ലാഭമെന്ന അത്യാസക്തിയും പ്രകടമാക്കിയത് തികച്ചും ഉചിതമായി. 'കുടി കുടി കെടുത്തും' എന്ന കുടിയനായ ഭർത്താവിൽ നിന്നും ആ സ്ത്രീക്കുളവായ തിക്താനുഭവം സ്ത്രീകളുടെ ശാപം എന്നല്ലാതെ എന്തു പറയാൻ? ബോധവൽക്കരണത്തേക്കാളുപരി, ഓരോരുത്തരും നല്ല മനസ്സിന് ഉടമകളായി തീരുകയാണ് വേണ്ടത് എന്ന ഉദ്ബോധനവും, കാലോചിതമായി അതിനെ വിളിച്ചോതുന്നതാണല്ലോ ഗുജറാത്തിന്റെ അനുഭവം.

ശ്രീ. പുറക്കാട് ചന്ദ്രൻ സാറിന്റെ ഉത്തരാഖണ്ഡ് വായിച്ചപ്പോൾ കാശിയും, യമുനയും, ധരാസുവും, ഗംഗയും, ഹിമാലയവും കണ്ട പ്രതീതിയാണ് എനിയ്ക്കനുഭവപ്പെട്ടത്. എന്നാൽ രാഗേന്ദുവിനെക്കുറിച്ച് വായിച്ചപ്പോൾ എന്റെ മനസ്സ് വികാരതരളിതമായി. ജീവിതത്തിൽ ഓരോ അനുഭവം നമുക്കുണ്ടാകുമ്പോഴും, 'രാഗേന്ദു' എന്നു നമുക്കു സമാധാനിക്കുവാനേ കഴിയൂ. കാരണം, അതിൽ നമ്മൾ ആലംബഹീനരാണ്.

ശ്രീ. ജോർജ് മൂലേച്ചാലിന്റെ ലേഖനം മനുഷ്യന്റെ നാണയത്തിന് പുറകേയുള്ള ഓട്ടം ബന്ധങ്ങളെ ശിഥലമാക്കുന്നുവെന്ന്

വ്യക്തമാണ്. അന്യത്വം അവസാനിപ്പിക്കലാണ് പരിഹാരവും. കൊച്ചു മനുഷ്യനും, വലിയ ആശയവും. കൊച്ചുവർത്തമാനത്തിൽ മനുഷ്യന്റെ ഇന്നത്തെ മാനസ്സീകാവസ്ഥയും, പരിഹാരവും വളരെ നർമ്മബോധത്തോടെ വർണ്ണിച്ചിരിക്കുന്നു.

ദർശനത്തിന്റെ രാഷ്ട്രീയ വീക്ഷണം എത്രയോ ഉദാത്തവും, ഉത്തമവുമാണ് എന്ന് “രാജാവില്ലാത്ത രാജ്യവും” ആണ്ടുതോറുമുള്ള വനയാത്രയും, ആരണ്യകാണ്ഡത്തിലൂടെ നമ്മെ ഒരു നിമിഷം ഓർമ്മിപ്പിക്കുന്നു. ശ്രീ. കേണൽ സാര സാക്ഷനും, ഗീതച്ചേച്ചിയും, പങ്കജാക്ഷക്കുറുപ്പു സാറിന്റെ പുസ്തകങ്ങൾ ഇംഗ്ലീഷിലേയ്ക്കും ട്രാൻസ്ലേറ്റ് ചെയ്യാനുള്ള പരിശ്രമങ്ങൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു. ഒപ്പം ബഹുഭാഷാ മണ്ഡലങ്ങളിലേയ്ക്കും അത് വ്യാപിക്കുവാൻ ഇടവരട്ടെയെന്നും ജഗദീശ്വരനോട് പ്രാർത്ഥിക്കുന്നു. കത്തുകളും, മുത്തുകളും അനുഭവദായകം തന്നെ. എന്റെ കളിക്കൂട്ടുകാർ എന്ന ഷിഫാനയുടെ ആടിനെക്കുറിച്ചുള്ള വിലാപ ഗാനം ആർദ്രത തുളുമ്പുന്നതായിരുന്നു. ആ കുട്ടിയുടെ കാവ്യഭാവന ഉന്നതങ്ങളിലെത്തട്ടെയെന്ന് ആശിർവദിക്കുന്നു. ദർശനത്തിന് എന്റെ അകം നിറഞ്ഞ ഭാവുകങ്ങൾ നേരുന്നു.

---

## കൊച്ചുവർത്തമാനങ്ങൾ

**പുലിക്കടന്നൽ** :- വീട്ടിൽ തന്നെയാണ് മരുന്ന് കൊടുപ്പ്. രാത്രിയിൽ കറണ്ട് പോയാൽ അൽപ്പം ബുദ്ധിമുട്ടാകും. എമർജൻസി ലൈറ്റ് വെച്ച് മരുന്ന് കൊടുക്കാമെങ്കിലും മുറ്റത്തും, വഴിയിലുമെല്ലാം അന്ധകാരമാണ്. ഞങ്ങളുടെ അയൽവാസിയുടെ വീട്ടിൽ ഇൻവെർട്ടർ ഉള്ളതിനാൽ എപ്പോഴും കറണ്ട് ഉണ്ട്. ഒന്ന് വാങ്ങിവെക്കാൻ എന്നോട് പലപ്പോഴും അദ്ദേഹം പറഞ്ഞെങ്കിലും ആര് കേൾക്കാനാണ്? അദ്ദേഹത്തിനാണെങ്കിൽ കറണ്ട് പോകുന്ന സമയം തന്റെ വീട്ടിൽ മാത്രം ലൈറ്റ് കത്തുന്നതിൽ ഒരു വിഷമം, വീട്ടിൽ നിന്നും ഒരു അൻപത് മീറ്ററോളം വയർ വലിച്ച് പൊതുവഴിയിൽ ഒരു എൽ.ഇ.ഡി. ലൈറ്റ് ഇട്ടു. ഇപ്പോൾ കറണ്ട് പോയാലും വഴിയിലും, എന്റെ വീട്ടു മുറ്റത്തും നല്ല വെട്ടമാണ്. മരുന്നിന് വന്നവർക്കും

ഉപകാരം. എന്നാൽ ഒരു തടസ്സം, മുറ്റത്ത് താഴ്ന്ന കിടക്കുന്ന ഒരു മാവിൻകമ്പ് പ്രകാശം തടയുന്നു, അത് വെട്ടിക്കളയണം. വാക്കത്തിയെടുത്ത് മാവിൽക്കയറാൻ നേരം പെട്ടെന്ന് നൗഷാദ് അത് തടഞ്ഞു. ഡോക്ടറേ കയറണ്ട അതാ മരക്കൊമ്പിൽ ഒരു വലിയ കടന്നൽകൂട് കണ്ടതു ഭാഗ്യം അല്ലെങ്കിൽ ഇപ്പോൾ കുത്തും കൊണ്ട് ഓടിയേനെ, ഇനിയെന്ത് ചെയ്യും. അഭിപ്രായങ്ങൾ പൊന്തി വന്നു, ഇത് പുലിക്കടന്നലാണ്, വിഷമുണ്ട്. പത്തെണ്ണം കുത്തിയാൽ മതി ചത്തു പോകാൻ. രാത്രി ഇവയെ ചുട്ടുകളയുക, എന്നിട്ട് നാളെ കമ്പ് വെട്ടാം. എന്നാൽ എന്റെ അയൽക്കാരന് അത് സ്വീകാര്യമായില്ല. പടച്ചോന്റെ സൃഷ്ടിയെ പ്രത്യേകിച്ചും ആരോടും ഒരുപദ്രവവും ചെയ്യാതെ കൂട് വെച്ച് പാർക്കുമ്പോൾ ചുട്ടു കൊല്ലുന്നത് ശരിയല്ല. ഞാനും, നൗഷാദും കൂടി ആ കമ്പിൽ ഒരു കയർ കെട്ടി കൂട് അനങ്ങാതെ പതുക്കെ വലിച്ച് വെട്ടം കിട്ടാൻ പാകത്തിലാക്കി നിർത്തി. എന്നാൽ മുറ്റത്തെ ഈ കടന്നൽകൂട് കണ്ട് പലരും ഇത് തീക്കളിയാണ്, ഇതെങ്ങാനും ഇളകിയാൽ കുത്തു കൊണ്ട് നാശമാകും, കത്തിച്ചു കളയരുതോ? എന്നൊക്കെ പറയാൻ തുടങ്ങി. കടന്നലേ നീങ്ങൾക്ക് ഉയർന്ന മരക്കൊമ്പിൽ പോയി കൂട് വെച്ച് പാർക്കരുതോ? ഇവിടെ മനുഷ്യരുണ്ട് സൂക്ഷിക്കണം.

ഏതായാലും ഒരു ദിവസം രാവിലെ നോക്കിയപ്പോൾ കടന്നലുകളെ കാണാനില്ല. കൂട് സുരക്ഷിതമായി അവിടെയുണ്ട് അങ്ങിങ്ങ് ചിലരൊക്കെ ചുറ്റിപ്പറ്റി നടക്കുന്നു. ഉടനെ മാവിൽക്കയറി കമ്പ് വെട്ടിക്കളഞ്ഞു. പൊയ്ക്കൊള്ളൂ. ഇനി ഇത്രയും താഴെ കൂട് കൂട്ടണ്ട.

സൃഷ്ടിയിലെ ഓരോന്നിനും അതിന്റേതായ ഉദ്ദേശലക്ഷ്യങ്ങളുണ്ട്. അണു മുതൽ മനുഷ്യർ വരെ ജീവശൃഖലയിലെ കണ്ണിയാണ്. ശത്രുവാണെന്ന് കരുതി നമ്മുടെ ഉള്ളിലെ ബാക്ടീരിയകളെ എല്ലാം കൊന്നാൽ മനുഷ്യനും ചത്തുപോകും. ഒന്നിനും കൊള്ളാത്തതായി ഇവിടെ ഒന്നും ഇല്ല. അത് തിരിച്ചറിയാത്ത മനുഷ്യനാണ് അവന് തടസ്സമായി തോന്നുന്നവരെ കൊല്ലാൻ മുതിരുന്നത്. അഹിംസ എത്രത്തോളം അനുഷ്ഠിക്കാൻ കഴിയുന്നുവോ, അത്രയും ആചരിക്കുക. ഒരു ചത്ത ഉറുമ്പിനെങ്കിലും ജീവൻ കൊടുക്കാൻ മനുഷ്യനാകുമോ ? ജീവൻ കൊടുക്കാനാവില്ലെങ്കിൽ അത് എടുക്കാൻ അവ

കാശമുണ്ടോ? മഹാഭാരത കഥയിൽ വേദവ്യാസൻ ഒരു രംഗ ചിത്രീകരണത്തിലൂടെ ഇത് വ്യക്തമാക്കുന്നു. യുദ്ധം നടക്കുന്ന വേളയിൽ ധർമ്മപുത്രരുടെ രഥം പാഞ്ഞു പോകുന്ന വഴിയിൽ ഒരു പുഴു തിരക്കിട്ട് ഓടുന്നു. അതിന്റെ രക്ഷയ്ക്കായി രഥം നിർത്തി ധർമ്മപുത്രർ പുഴുവിനോട് ചോദിച്ചു: ഈ യുദ്ധരംഗത്തിനിടെ നീ എങ്ങോട്ടാണ് പായുന്നത്. എന്തിന് വേണ്ടിയാണ് ഓട്ടം? വെറും ഒരു പുഴുവായ നീ മരണത്തെ എന്തിന് ഭയപ്പെടുന്നു? ഇതു കേട്ട് പുഴു പറഞ്ഞു: രാജാവേ നമ്മൾ തമ്മിൽ ജീവനെന്തു വ്യത്യാസം? നിങ്ങൾ എന്നെ കാണുമ്പോലെ ഞാൻ നിങ്ങളേയും കാണുന്നു. വീട്ടിൽ ഭാര്യയും പിള്ളേരും എന്നെ കാത്തിരിക്കുകയാണ്. നശിച്ച ഈ യുദ്ധക്കളത്തിലൂടെ വേണം എനിക്ക് വീട് പിടിക്കാൻ. നേരമില്ല പോട്ടെ, എന്ന് പറഞ്ഞ് പുഴു ഓടി മറഞ്ഞു. എല്ലാ ജീവികൾക്കും അതിന്റെ ജീവനും, ജീവിതവും വലുതാണ്. അവയ്ക്കും സുഖ-ദുഃഖങ്ങളുണ്ട്, സ്നേഹമുണ്ട്, ഇതൊന്നും ചിന്തിക്കാതെയാണ് കയ്യിലെ നഖം വെട്ടുമ്പോലെ തന്റെ സഹജിവികളെ മനുഷ്യൻ കൊന്നൊടുക്കുന്നത്. കടന്നലുകൾ പോലും എത്രയോ പച്ചക്കറികളുടെ പരാഗണം നടത്തുന്നു. മനുഷ്യൻ തവളകളെയും തിന്ന്, കുളങ്ങളും വിഴുങ്ങിയപ്പോൾ കൊതുകുകൾ വർദ്ധിച്ചു. പുഴ വിഷമയമാക്കി ആമകളെയും കൊന്നു തിന്നു. ശുചീകരണ ശൃഖലയിൽ ഒരു പ്രധാന റോളായിരുന്നു ആമയ്ക്ക് ഉണ്ടായിരുന്നത്. ചത്തതെല്ലാം തിന്നു തീർക്കും. മനുഷ്യൻ തന്റെ സഹജീവികളോടുള്ള കാട്ടാളത്തം ഉപേക്ഷിക്കേണ്ടതാണ്. പ്രകൃതി അതിന്റെ സൃഷ്ടികളെ ദ്രോഹിക്കുന്നവരെയൊന്നും വെറുതെ വിടുകയില്ല. ശിക്ഷ അനുഭവിക്കേണ്ടി വരും. ഈ ലോകം ഒന്ന് നോക്കുക, പത്രം അല്ലെങ്കിൽ ടി.വി. ശാന്തിയുടെയും, സമാധാനത്തിന്റെയും വാർത്തകളാണോ, അതോ വെടിയൊച്ചയും, കുട്ടികളുടെ കരച്ചിലും, ദുരന്തങ്ങളുമാണോ കാണുന്നത്, ഭയാനകം, മാ-നിഷാദ. അണുവും, പുലിയും, പുലിക്കടന്നലുമൊന്നുമല്ല ശത്രുക്കൾ. മനുഷ്യമനസ്സിലെ ദുർവികാരങ്ങളാണ്. വെറുപ്പും, വിദ്വേഷവും, അസൂയയും, അഹങ്കാരവും അവയെ ചുട്ടുകളഞ്ഞാൽ മൈത്രീഭാവന കിട്ടും. പിന്നെ ഈ ലോകത്ത് ഒന്നും ഭയപ്പെടാനില്ല. ശാന്തിയും, സമാധാനത്തോടും ജീവിക്കാം.

# പൊതുവിവരങ്ങൾ

1. **ഭൂമിക :- ഡി. പങ്കജാക്ഷക്കുറുപ്പ് പുരസ്കാര സമർപ്പണം.** ഗ്രാമീണജനങ്ങളുടെ അഭ്യുന്നതിയ്ക്കും, സാമൂഹിക ജാഗ്രതയ്ക്കും വേണ്ടി പൂഞ്ഞാർ കേന്ദ്രമായി കഴിഞ്ഞ 12 വർഷത്തിലേറെയായി പ്രചരണം, ബോധവൽക്കരണം, പഠനയാത്രകൾ, പരിശീലനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ നൈരന്തര്യതയോടെ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധസംഘടനയാണ് ഭൂമിക.

പങ്കജാക്ഷക്കുറുപ്പ്സാറിന്റെ സ്മരണയ്ക്കായി, ആത്മാർത്ഥതയുള്ള സാമൂഹിക പ്രവർത്തകരെ ആദരിക്കാൻ 2011-ാമാണ്ടു മുതൽ പൂഞ്ഞാർ ഭൂമിക നൽകി വരുന്ന പുരസ്കാരത്തിന് ഈ വർഷം പൂഞ്ഞാർ തെക്കേക്കര വില്ലേജ് ഓഫീസർ ശ്രീ. സണ്ണി കളപ്പുരയ്ക്കൽ പറമ്പിൽ അർഹനായി. ഒരു സർക്കാർ ഉദ്യോഗസ്ഥനാണ് ഇത്തവണത്തെ പുരസ്കാരം എന്ന പ്രത്യേകതയുണ്ട്. അഴിമതിരഹിതമായ ഔദ്യോഗിക ജീവിതത്തിനും, സാധാരണക്കാരോടുള്ള അനുഭാവപൂർവ്വമായ ഇടപെടലിനുമുള്ള അംഗീകാരമായാണ് അദ്ദേഹത്തിന് കുറുപ്പു സാറിന്റെ പേരിലുള്ള ഈ പുരസ്കാരം നൽകുന്നത്.

5001/- രൂപയും പ്രശംസാപത്രവുമടങ്ങുന്ന പുരസ്കാരം 2015 മെയ് 1 വെള്ളി രാവിലെ 10ന് പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന സമ്മേളനത്തിൽ വെച്ച് മുൻ ചീഫ് സെക്രട്ടറി ശ്രീ.പി.സി. സിറിയക് IAS സമ്മാനിച്ചു.

ഭൂമികക്കും അതിന്റെ ആദരണീയ സാരഥിയായ അച്ഛന്റെ പ്രിയമിത്രം എബി ഇമ്മാനുവലിനും, സഹപ്രവർത്തകർക്കും ദർശനത്തിന്റെ അഭിനന്ദനങ്ങൾ. ദൂരത്തായിട്ടും ഭൂമിക ദർശനത്തിന്റെ ചാരത്തു തന്നെ.

2. **ഗാന്ധിയുവകേന്ദ്ര** നടത്തി വരുന്ന സാമൂഹ്യസേവാപ്രവർത്തനങ്ങളുടെ ഭാഗമായി വളഞ്ഞവഴിയിൽ ചേർന്ന സമ്മേളനനഗരിക്ക് പങ്കജാക്ഷക്കുറുപ്പ് നഗർ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. സാംസ്കാരിക സമ്മേളനം, കർമ്മശ്രേഷ്ഠാ അവാർഡ്ദാനം, പുക

യില, മദ്യ- ലഹരിവിരുദ്ധ പ്രതിജ്ഞ, സൗജന്യം ഐ.റ്റി എഡ്യൂക്കേഷൻ പദ്ധതി സമർപ്പണം, വിശിഷ്ടവ്യക്തികളെ ആദരിക്കൽ എന്നിവയോടനുബന്ധിച്ച് ദർശനത്തിനും അനുമോദനം ലഭിച്ചു. അഡ്വ. നാസർ എം. പൈങ്ങാമഠം അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ ശ്രീ. യു.എം. കബീർ സ്വാഗതം പറഞ്ഞു. ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ. അബ്ദുറബ്ബ് പുരസ്കാരങ്ങൾ നൽകി. ഗാന്ധിയുവകേന്ദ്രയുടെ പ്രവർത്തനങ്ങൾക്ക് ദർശനത്തിന്റെ അഭിനന്ദനങ്ങൾ.

3. **അനുമോദനങ്ങൾ** : നമ്മുടെ ദർശനം കുടുംബാംഗമായ ഡോ. പി. ഗോപാലകൃഷ്ണന് ഇംഗ്ലണ്ടിലെ Strilin യൂണിവേഴ്സിറ്റിയിൽ നിന്നും M.Sc ഡിമൻഷ്യയ്ക്കുള്ള ബിരുദം ലഭിച്ചിരിക്കുന്നു. ദർശനത്തിന്റെ അനുമോദനങ്ങൾ. ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും റിട്ടയർ ചെയ്തതിനു ശേഷം സാർ ഇപ്പോൾ ആലുവായ്ക്കടുത്ത് മാഞ്ഞാലിയിൽ ശ്രീനാരായണ മെഡിക്കൽ കോളേജിൽ അസ്സോസ്സിയേറ്റ് പ്രൊഫസറായി ജോലി ചെയ്യുന്നു, പഠനവും തുടരുന്നു.

4. **പ്രതിമാസയോഗം** : ആദ്യ ഞായറാഴ്ചകളിൽ വൈകിട്ട് 5 മുതൽ 7 വരെയാണ് ദർശനം പ്രതിമാസയോഗം. അടുത്ത യോഗം പുന്നപ്രയിൽ ഗാന്ധിസ്മാരകസമിതി പ്രവർത്തകയായ സീതയുടെ വീട്ടിൽ ആഗസ്റ്റ് 2ന് 5 മുതൽ 7 വരെ. എല്ലാവർക്കും സ്വാഗതം. ഫോൺ നമ്പർ – 9287962677.

5. **കെ.ജി.ബാലകൃഷ്ണപിള്ള സാർ** : മാഹാത്മജിയുടേയും, വിനോബാഭാവയുടേയും ആശയങ്ങളിൽ ആകൃഷ്ടനായി ഹിന്ദിപ്രചാരസഭയിലും, ആചാര്യകുലത്തിലും പ്രവർത്തനനിരതനായിരുന്ന ബാലകൃഷ്ണപിള്ള സാർ 81–ാം വയസ്സിൽ തിരുവനന്തപുരത്തു വെച്ച് നിര്യാതനായി. ന്യുമോണിയയായിരുന്നു അസുഖം. വെള്ളായണി അഗ്രികൾച്ചറൽ കോളേജിൽ ആയിരുന്നു ഔദ്യോഗിക ജീവിതം. ദർശനം വാർഷിക യോഗങ്ങളിൽ പങ്കെടുക്കാറുള്ളപ്പോൾ അതിന്റെ കമന്ററി സാറാണ് എഴുതിത്തരാറുള്ളത്. അച്ഛന്റെ പ്രിയമിത്രമായിരുന്ന സാറിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു കൊണ്ട് കുടുംബാംഗങ്ങളിൽ മൈത്രീഭാവന അർപ്പിച്ചു കൊണ്ട് ദർശനം.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല** :

അജിത്കുമാർ പഴവീട്, ശ്രീ. കെ.വി. ദയാൽ കായിപ്പുറം, സിദ്ധാർത്ഥൻ ആലപ്പുഴ, പവിത്രൻ വടകര എന്നിവർ 500/- രൂപാ വീതവും, ഷിബി ടീച്ചർ വണ്ടാനം, പീതാംബരൻ കാഞ്ഞിരംചിറ, സന്തോഷ് ദേശസേവിനി, രാധിക കാരാട്ട് - 100/- രൂപാ വീതവും, ശ്രീകാന്ത് സൂര്യകാന്തം, വെണ്മണി രാജഗോപാൽ 200/- രൂപാ വീതവും, ഡോ. കെ.ജെ. മാത്യു, കോട്ടയം - 300/-, പ്രദീപ് കുമാർ കഞ്ഞിപ്പാടം - 250/-, കല്ലേലിൽ കൃഷ്ണൻകുട്ടി സാർ - 300/-, ശ്രീമതി ഇന്ദിരാ ഹരിഹരൻ പുന്നപ്ര 700/- രൂപയും മടിശ്ശീലയിൽ എത്തിച്ചിട്ടുണ്ട്. എല്ലാവർക്കും പ്രണാമം. മടിശ്ശീലയിൽ നിക്ഷേപിക്കുന്നവർ ഒന്ന് നിയന്ത്രിച്ചോണം, ഒരു നിശ്ചയമില്ല ഒന്നിനും വല്ലപ്പോഴും ഒരു ദർശനം വന്നെങ്കിലായി.

***അനുഭവങ്ങൾ പാഠങ്ങൾ:*** *ജീവിതത്തിൽ തിക്താനുഭവങ്ങൾ ഉണ്ടായാൽ പോലും പ്രതിക്രിയയ്ക്ക് ചാടി പുറപ്പെടരുത്. സംഭവങ്ങളുടെ പുറംതോട് പൊട്ടിച്ചു നോക്കിയാൽ മാധുര്യം ഏറിയ ഒരു സന്ദേശം അതിനുള്ളിൽ കാണാം. ജീവിത വിജയത്തിനു വേണ്ടിയാണ് പ്രകൃതി ഈ അനുഭവങ്ങൾ നൽകുന്നത്.*

*റമളാൻ മാസം ലോകം മുഴുവൻ കാരുണ്യത്തിന്റെ സന്ദേശം പരക്കട്ടെ. അതിനായി മനസ്സിലെ അധമവികാരങ്ങളെ വധിക്കുക.*

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306